22
2024
മേയ്
ബുധൻ
ഇടവം 8

NAUTICAL TIMES
KERALA

The National Daily in Malayalam / English

# നോട്ടിക്കൽ ടൈംസ് കേരള

e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391

തിരുവനന്തപുരം Thiruvananthapuram web: www. nauticaltimesmedia.com Volume-5, Issue No.190 Page 4, Price: Rs. 2 പുസ്തകം-5 ലക്കം-190 പേജ് 4. വില 2.00 രൂപ




02 കെട്ടിക്കിടക്കുന്നത് 20 ലക്ഷം ആർസി ബുക്ക് അപേക്ഷകൾ

03 എൽ ബി എസ് വനിതാ എൻജിനിയറിങ് കോളജിൽ പുതിയ വനിതാ പോളിടെക്നിക്കിന് അംഗീകാരം

04 എഎപി ഏഴ് കോടി രൂപ വിദേശ സംഭാവന വാങ്ങി, ആഭ്യന്തരമന്ത്രാലയത്തെ സമീപിച്ച് ഇഡി

# തീരദേശത്ത് കൊടുംകാറ്റ്; വ്യാപക നാശനഷ്ടം

വിഴിഞ്ഞം: മഴയോടൊപ്പം തീരദേശത്തെ ഇളക്കിമറിച്ച് കൊടുംകാറ്റ് വീശി. കൂറ്റൻ മരങ്ങൾ കടപുഴകിയും ഒടിഞ്ഞ് വീണും വൻ നാശനഷ്ടം. നിരവധി വീടുകൾക്കും വാഹനങ്ങൾക്കും കേടുപാടുകൾ സംഭവിച്ചു. വൈദ്യുത ലൈനുകൾ പൊട്ടിവീണതോടെ വൈദ്യുത ബന്ധവും ഗതാഗതവും താറുമാറായി.



രാത്രിയിലും വിശ്രമമില്ലാതെ മരങ്ങൾ മുറിച്ച് മാറ്റി രക്ഷാപ്രവർത്തനത്തിൽ ഏർപ്പെട്ട് വിഴിഞ്ഞം , പൂവാർ ഫയർ സ്റ്റേഷനിലെ ജീവനക്കാർ. ഇന്നലെ രാവിലെ പത്തോടെയാണ് കാറ്റ് വീശിയടിച്ചത്. അപ്രതീക്ഷിതമായ കാറ്റിൽപ്പെട്ട് നിരവധി വാഹനങ്ങളും വഴിയിൽ കുടുങ്ങി. വീടുകളുടെ രക്ഷക്കും റോഡു ഗതാഗതം സുഗമമാക്കുന്നതിനും മുൻഗണന നൽകിയായിരുന്നു ഇന്നലെ ഫയർഫോഴ്സിന്റെ പ്രവർത്തനം. വിഴിഞ്ഞം മുല്ലൂർ സ്വദേശി രാജേഷിന്റെ വീടിന് മുകളിൽ തെങ്ങ് വീണ് വീടിനും കാറിനും ഇലക്ട്രിക് ലൈനിനും നാശമുണ്ടായി. ചാവടി നടയിൽ ക്ഷേത്ര കോമ്പൗണ്ടിൽ നിന്ന ആൽമരവും തെങ്ങും കടപുഴകി സമീപത്തെ വീടിന് മേൽ പതിച്ചു.

മുക്കോലയിലും കല്ലുവെട്ടാൻ കുഴിയിലും ബൈപ്പാസിന്റെ സർവീസ് റോഡിനു കുറുകെ മരം വീണ് ഇലക്ട്രിക് ലൈനും പോസ്റ്റുകളും പൊട്ടി വീണ് ഗതാഗതം സ്തംഭിച്ചു. കോവളം കെഎസ് റോഡിലും, പടിഞ്ഞാറെ പൂങ്കുളം, ടൂറിസം കേന്ദ്ര മായ ഹൗവ്വാബീച്ച് റോഡ്, കോട്ടുകാൽ എന്നിവിടങ്ങളിൽ മരങ്ങൾ വീണ് ഗതാഗതം തടസപ്പെട്ടു. വിഴിഞ്ഞം, കോവളം മേഖലയിൽ വ്യാപകമായി വീണ മരങ്ങളിൽ പകുതിപോലും മാറ്റാൻ കഴിഞ്ഞിട്ടില്ലെന്ന് ഫയർഫോഴ്സ് അധികൃതർ അറിയിച്ചു. പൂവാർ ഫയർഫോഴ്സ് അധികൃതർക്കും ഇന്നലെ വിശ്രമില്ലാത്ത ദിവസമായിരുന്നു.

കാഞ്ഞിരംകുളം മാവിളയിൽ അർജുനൻറെ വീടിന് പുറത്തു കൂടി കൂറ്റൻ ആഞ്ഞിലിമരം കടപുഴകി വീണു. വീടിൻറെ ഒരു ഭാഗം തകർന്നെങ്കിലും വീട്ടിലുണ്ടായിരുന്നവർ രക്ഷപ്പെട്ടു. പുത്തൻ കടയിൽ കുട്ടപ്പൻറെ വക പ്ലാവ് കടപുഴകി വീണ് ഇലക്ട്രിക് ലൈനും പോസ്റ്റുകളും തകർന്നു. കഴിവൂർ പ്ലാവുവിള സ്വദേശി വിനോദിൻറെ വീടിനു മുകളിൽ അയൽവാസിയുടെ പുരയിടത്തിൽ നിന്ന അക്കേഷ്യ മരം വീണ് വില കൂടിയ കാർ തകർന്നു. വീടിന് കേടുവരുത്തിയ മരം വൈദ്യുത ലൈനും തകർത്ത് റോഡിന് കുറുകെ വീണു.

തിരുപുറം വിജയകുമാർ, പുതിയ തുറയിൽ മോഹനൻ എന്നിവരുടെ വീടിന് മുകളിലും മരം വീണ് നാശനഷ്ടം ഉണ്ടായി. മാറാടി, നരിക്കുഴി ഉൾപ്പെടെ വിവിധ സ്ഥലങ്ങളിൽ വീടുകൾക്ക് മീതെ അപകടകരമായ രീതിയിൽ വീണ മരങ്ങളെ മുറിച്ച് മാറ്റാനാകാതെയും ഫയർഫോഴ്സ് മടങ്ങി.

മരച്ചില്ലകൾ ഒടിഞ്ഞ് വീണും വ്യാപക നാശനഷ്ടമുണ്ടായി. പലയിടങ്ങളിലും രാത്രിയിൽ മാത്രമാണ് വൈദ്യുത ബന്ധം പുനസ്ഥാപിക്കാനായതെന്ന് അധികൃതർ അറിയിച്ചു. കെഎസ്ഇബി ക്കും ലക്ഷങ്ങളുടെ നഷ്ടമുണ്ടായി.

### ഡ്രൈവിംഗ് ടെസ്റ്റ് പരിഷ്കരണം

## പ്രശ്നം പരിഹരിച്ചെന്ന് സർക്കാർ, പുതിയ സർക്കുലർ ഹാജരാക്കാൻ ഹൈക്കോടതി

കൊച്ചി: ഡ്രൈവിംഗ് ടെസ്റ്റ് പരിഷ്കരണത്തിലെ പ്രശ്നങ്ങൾ പരിഹരിച്ചതായി സർക്കാർ ഹൈക്കോടതിയിൽ. സർക്കുലർ പുതുക്കിയതായും സർക്കാർ അറിയിച്ചു. അതേസമയം, പുതുക്കിയ സർക്കുലർ ഹാജരാക്കാൻ സർക്കാരിനോട് ഹൈക്കോടതി നിർദേശിച്ചു.

ഗതാഗത കമ്മീഷണർ പുറത്തിറക്കിയ സർക്കുലർ ചോദ്യം ചെയ്ത് ഡ്രൈവിംഗ് സ്കൂൾ ഉടമകളും പരിശീലകരുമാണ് ഹൈക്കോടതിയെ സമീപിച്ചത്. കഴിഞ്ഞ തവണ ഹർജി പരിഗണിച്ചപ്പോൾ സർക്കാർ വിശദീകരണം ഹൈക്കോടതി തേടിയിരുന്നു.

മന്ത്രിയുമായി നടത്തിയ ചർച്ചയിൽ സർക്കുലറുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിച്ചതായാണ് സർക്കാർ കോടതിയെ അറിയിച്ചിരിക്കുന്നത്. ഹർജി അടുത്ത മാസം മൂന്നിലേക്ക് പരിഗണിക്കാൻ മാറ്റി.

### ഇ.പി.ജയരാജൻ വധശ്രമക്കേസ്

## കെ.സുധാകരനെ ഹൈക്കോടതി കുറ്റവിമുക്തനാക്കി

കൊച്ചി: ഇടത് മുന്നണി കൺവീനർ ഇ.പി.ജയരാജനെ വധിക്കാൻ ശ്രമിച്ചെന്ന കേസിൽ കെപിസിസി പ്രസിഡൻറ് കെ.സുധാകരനെ കുറ്റവിമുക്തനാക്കി ഹൈക്കോടതി. കേസിൽ സുധാകരൻ വിചാരണ നേരിടണമെന്ന അഡീഷണൽ സെഷൻസ് കോടതിയുടെ ഉത്തരവും കോടതി റദ്ദാക്കി.

ഇ.പിയെ വധിക്കാൻ ശ്രമിച്ച കേസിൽ ഗൂഢാലോചനാക്കുറ്റമാണ് സുധാകരനെതിരേ ചുമത്തിയിരുന്നത്. വലിയതുറ പോലീസാണ് കേസിൽ കുറ്റപത്രം സമർപ്പിച്ചത്. കേസിൽ തന്നെ കുറ്റവിമുക്തനാക്കണമെന്ന് ആവശ്യപ്പെട്ട് സുധാകരൻ തിരുവനന്തപുരം അഡീഷണൽ സെഷൻസ് കോടതിയെ സമീപിച്ചെങ്കിലും ഹർജി തള്ളിയിരുന്നു. ഇതേ തുടർന്നാണ് 2016ൽ സുധാകരൻ ഹൈക്കോടതിയെ സമീപിച്ചത്.

കേസിൻറെ വിചാരണ തടയണമെന്നും തന്നെ പ്രതിപ്പട്ടികയിൽനിന്ന് ഒഴിവാക്കണമെന്നുമായിരുന്നു ആവശ്യം. കേസിൽ വിശദമായ വാദം കേട്ട കോടതി ഹർജിയിലെ ആവശ്യം അംഗീകരിക്കുകയായിരുന്നു.

1995 ഏപ്രിൽ 12നാണ് കേസിനാസ്പദമായ സംഭവം. പാർട്ടി കോൺഗ്രസിന് ശേഷം ട്രെയിനിൽ കേരളത്തിലേക്ക് മടങ്ങുകയായിരുന്ന ഇ.പിക്ക് ആന്ധ്രയിൽവച്ച് വെടിയേൽക്കുകയായിരുന്നു. അന്ന് സിപിഎമ്മിൻറെ കണ്ണൂർ ജില്ലാ സെക്രട്ടറിയായിരുന്നു ഇ.പി.കേസിലെ ഒന്നും രണ്ടും പ്രതികളെ ആന്ധ്രയിലെ കോടതി വെറുതേ വിട്ടിരുന്നു. എന്നാൽ തിരുവനന്തപുരത്ത് വച്ചാണ് ഗൂഢാലോചന നടന്നതെന്ന് കാണിച്ചാണ് സുധാകരനെതിരേ വലിയതുറ പോലീസ് കേസെടുത്തത്.

## കേരള സർവകലാശാല സെനറ്റിലേക്കുള്ള നാമനിർദേശം ഹൈക്കോടതി റദ്ദാക്കി

കൊച്ചി: കേരള സർവകലാശാല സെനറ്റിലേക്ക് ഗവർണർ സ്വന്തം നിലയിൽ അംഗങ്ങളെ നാമനിർദ്ദേശം ചെയ്ത നടപടി ഹൈക്കോടതി റദ്ദാക്കി. ആറ് ആഴ്ചയ്ക്കുള്ളിൽ പുതിയ നിയമനങ്ങൾ നടത്താൻ ചാൻസിലർ കൂടിയായ ഗവർണർക്ക് കോടതി നിർദേശം നൽകി.




സർവകലാശാല സെനറ്റിലേക്ക് നാല് വിദ്യാർഥി പ്രതിനിധികളെ നാമനിർദേശം ചെയ്ത ഗവർണറുടെ നടപടി ചോദ്യം ചെയ്തു കൊണ്ടുള്ള ഹർജിയിലാണ് കോടതി ഉത്തരവ്. രാഷ്ട്രീയം മാത്രം നോക്കിയാണ് ഗവർണർ സെനറ്റിലേക്ക് അംഗങ്ങളെ നാമനിർദേശം ചെയ്തതെന്ന് ചൂണ്ടിക്കാട്ടിയായിരുന്നു ഹർജി.സെനറ്റിലേക്ക് ശിപാർശ ചെയ്യുന്ന പ്രതിനിധികൾ അതത് മേഖലയിൽ പ്രാവീണ്യം നേടിയവരായിരിക്കണമെന്നാണ് ചട്ടം. എന്നാൽ എബിവിപി പ്രവർത്തകരാണോ എന്ന് മാത്രം നോക്കിയാണ് ഗവർണർ വിദ്യാർഥികളെ തെരഞ്ഞെടുത്തതെന്നായിരുന്നു ആക്ഷേപം.

തങ്ങൾ കലയുൾപ്പെടെ വിവിധ വിഷയങ്ങളിൽ കഴിവ് തെളിയിച്ചവരാണെന്നും തങ്ങളെ ആരെയും ഗവർണർ സെനറ്റിലേക്ക് പരിഗണിച്ചില്ലെന്നും ഹർജിക്കാർ ആരോപിച്ചിരുന്നു. എന്നാൽ തനിക്ക് സ്വന്തം നിലയിൽ സെനറ്റ് അംഗങ്ങളെ നോമിനേറ്റ് ചെയ്യാമെന്നായിരുന്നു ഗവർണറുടെ വാദം.

ഹർജിയിൽ വിശദമായ വാദം കേട്ട ശേഷം സർവകലാശാല സെനറ്റിലേക്കുള്ള ഗവർണറുടെ നാമനിർദേശം കോടതി റദ്ദാക്കുകയായിരുന്നു.

ഹർജിക്കാരുടെ അടക്കം അപേക്ഷ പരിഗണിച്ചുകൊണ്ടാകണം പുതിയ നിയമനമെന്നും കോടതി നിർദേശം നൽകി. അതേ സമയം സർക്കാർ നോമിനേറ്റ് ചെയ്ത രണ്ട് പേരുടെ നിയമനം ഹൈക്കോടതി ശരിവച്ചു.

## പ്രതികളെ വാടകയ്ക്കെടുത്തത് സുധാകരൻ: ലക്ഷ്യം പിണറായി വിജയനായിരുന്നെന്ന് ഇ.പി

കണ്ണൂർ: വധശ്രമക്കേസിൽ നിന്ന് കെപിസിസി പ്രസിഡൻറ് കെ.സുധാകരനെ ഹൈക്കോടതി കുറ്റവിമുക്തനാക്കിയതിനെതിരേ സുപ്രീംകോടതിയിൽ അപ്പീൽ നൽകുമെന്ന് ഇടത് മുന്നണി കൺവീനർ ഇ.പി.ജയരാജൻ. തന്നെ വധിക്കാൻ ഗൂഢാലോചന നടത്തിയത് സുധാകരനാണ്. സുധാകരനും സംഘവും ചേർന്നാണ് കേസിലെ ഒന്നും രണ്ടും പ്രതികളെ വാടകയ്ക്ക് എടുത്തത്. ഇവരുടെ ലക്ഷ്യം പിണറായി വിജയനായിരുന്നെന്നും ഇ.പി പറഞ്ഞു.

സുധാകരനെതിരായ തെളിവുകൾ കോടതിയിൽ ഹാജരാക്കുന്നതിൽ പ്രോസിക്യൂഷൻ വിജയിച്ചില്ല എന്നാണ് മനസിലാക്കുന്നത്. കേസിൽ സുപ്രീംകോടതിയിൽ അപ്പീൽ നൽകണമെന്ന് സർക്കാരിനോട് ആവശ്യപ്പെടുമെന്നും ഇ.പി കൂട്ടിച്ചേർത്തു.

## സ്വാതി മാലിവാളിനെ പിന്തുണച്ച് ലഫ്. ഗവർണർ; ബിജെപി ബന്ധം തെളിഞ്ഞെന്ന് ആം ആദ്മി പാർട്ടി

ന്യൂഡൽഹി: എ. എ. പി രാജ്യസഭാ എം. പി സ്വാതി മാലിവാൾ മുഖ്യമന്ത്രി അരവിന്ദ് കെജ്രിവാളിന്റെ ഓഫീസിൽ വെച്ച് അതിക്രമത്തിന് ഇരയായെന്ന വിവാദത്തിൽ ഒടുവിൽ മൗനം വെടിഞ്ഞ് ഡൽഹി ലഫ്. ഗവർണർ വി. കെ സക്സേന. കടുത്ത മാനസികാഘാതമാണ് മുഖ്യമന്ത്രിയുടെ ഓഫീസിലെ സംഭവത്തിന് ശേഷം അവർ അനുഭവിക്കുന്നതെന്ന് വി. കെ സക്സേന പറഞ്ഞു.

കഴിഞ്ഞ ദിവസം വലിയ സങ്കടത്തോടെ സ്വാതി മലിവാൾ തന്നെ വിളിച്ചിരുന്നു. സ്വന്തം സഹപ്രവർത്തകനിൽ നിന്നും താൻ അനുഭവിച്ച ദുരവസ്ഥയെപറ്റി വിശദമായി വിവരിച്ചു. തെളിവ് നശിപ്പിക്കാൻ നടക്കുന്ന ശ്രമങ്ങളെ പറ്റി ചൂണ്ടിക്കാട്ടി. വിവിധ വിഷയങ്ങളിൽ സ്വാതി മലിവാളുമായി തനിക്ക് തർക്കിക്കേണ്ടി വന്നിട്ടുണ്ട്. വിവാദത്തിലായിട്ടുണ്ട്. പക്ഷെ ശരീരിക ഉപദ്രവം അംഗീകരിക്കാൻ കഴിയാത്തതാണെന്നും സക്സേന പറഞ്ഞു.

രാജ്യ തലസ്ഥാനത്താണ് ഇത്ര ലജ്ജാകരമായ ഒരു സംഭവം നടന്നിരിക്കുന്നത്. മുഖ്യമന്ത്രിയുടെ ഓഫീസിൽ പോലും സ്ത്രീ സുരക്ഷിതയല്ലെന്ന വിലയിരുത്തലാണുണ്ടാവുന്നത്. ഇത് ലോകത്തിന് മുന്നിൽ നാണക്കേടുണ്ടാക്കുന്നതാണെന്നും സക്സേന ചൂണ്ടിക്കാട്ടി. ഡൽഹി പോലീസ് വിഷയത്തിൽ അന്വേഷണം ആരംഭിച്ചിട്ടുണ്ട്. യുക്തമായ പരിഹാരമുണ്ടാവുമെന്ന് താൻ ഉറപ്പുനൽകുന്നതായും സക്നേ അറിയിച്ചു.

സക്സേനയുടെ പ്രതികരണത്തോടെ സംഭവത്തിൽ ബിജെപി ബന്ധമുണ്ടെന്ന് തെളിഞ്ഞിരിക്കുകയാണെന്ന് എ. എ. പിയും പ്രതികരിച്ചു. സ്വാതി മലിവാൾ ബി. ജെ. പിക്ക് വേണ്ടി ജോലി ചെയ്യുകയാണ്. തിരഞ്ഞെടുപ്പ് കാലത്ത് ബി. ജെ. പി എ. എ. പിക്കെതിരേ ഓരോ ദിവസവും ഓരോ ഗൂഢാലോചന കൊണ്ടുവരികയാണ്. മദ്യ നയ വിവാദം മുതൽ ഇപ്പോൾ സ്വാതി മലിവാൾ വിഷയം വരെ അതെത്തി നിൽക്കുകയാണെന്നും എ. എ. പി പ്രസ്താവനയിൽ ചൂണ്ടിക്കാട്ടി.



# അനധികൃതമായി തോക്ക് കൈവശം വച്ചു; മംഗളുരുവിൽ രണ്ട് മലയാളികൾ അറസ്റ്റിൽ

മംഗളൂരു: അനധികൃതമായി തോക്ക് കൈവശം വച്ച സംഭവത്തിൽ രണ്ട് മലയാളികൾ മംഗളുരുവിൽ അറസ്റ്റിൽ. മഞ്ചേശ്വരം കടമ്പാർ സ്വദേശി മുഹമ്മദ് അസ്ഗർ (26) മഞ്ചേശ്വരം മൂടമ്പയിൽ സ്വദേശി അബ്ദുൾ നിസാർ കെ (29) എന്നിവരാണ് പിടിയിലായത്.കർണാടക പൊലീസാണ് ഇവരെ അറസ്റ്റ് ചെയ്തത്. ഉള്ളാലിലെ തലപ്പാടിയിൽ നിന്ന് പിസ്റ്റളുമായി കാറിൽ വരുന്പോഴാണ് പിടിയിലായത്. പിസ്റ്റളിനൊപ്പം രണ്ട് തിരകൾ, രണ്ട് മൊബൈൽ ഫോണുകൾ എന്നിവയും പോലീസ് പിടിച്ചെടുത്തിട്ടുണ്ട്.മുഹമ്മദ് അസ്ഗർ നേരത്തേയും ക്രിമിനൽ കേസുകളിൽ പ്രതിയാണെന്ന് കർണാടക പൊലീസ് വ്യക്തമാക്കി. മഞ്ചേശ്വരം പോലീസ് സ്റ്റേഷനിൽ കൊലപാതകശ്രമം, തട്ടിക്കൊണ്ട് പോകൽ എന്നിവയ്ക്കും ഉള്ളാൾ സ്റ്റേഷനിൽ കഞ്ചാവ് വിൽപനയ്ക്കും ബംഗളൂരു ബയ്യപ്പനഹള്ളി സ്റ്റേഷനിൽ കഞ്ചാവ് കടത്തിയതിനും അസ്ഗറിനെതിരെ കേസുകളുണ്ട്.

# ബിഹാറിൽ വോട്ടെടുപ്പിന് പിന്നാലെ ബിജെപിആർജെഡി സംഘർഷം; ഒരാൾ വെടിയേറ്റ് മരിച്ചു

പാറ്റ്ന: ബിഹാറിലെ സരണിൽ വോട്ടെടുപ്പിന് പിന്നാലെയുണ്ടായ ബിജെപി ആർജെഡി സംഘർഷത്തിൽ ഒരാൾ വെടിയേറ്റ് മരിച്ചു. രണ്ട് പേർക്ക് ഗുരുതരമായി പരിക്കേറ്റു. ഇവരെ ആശുപത്രിയിലേക്ക് മാറ്റി.ഇന്ന് രാവിലെയാണ് ഇരുവിഭാഗങ്ങളും തമ്മിൽ സംഘർഷമുണ്ടായത്. ഇതിനിടെ ഒരാൾ തോക്കെടുത്ത് വെടിയുതിർക്കുകയായിരുന്നു.തിങ്കളാഴ്ച വോട്ടെടുപ്പിനിടെ സരണിലെ ആർജെഡി സ്ഥാനാർഥിയും ലാലു പ്രസാദ് യാദവിൻറെ മകളുമായ രോഹിണി ആചാര്യ ചപ്രയിലെ ഒരു ബൂത്തിലെത്തിയതിന് പിന്നാലെ ഇരുകൂട്ടരും തമ്മിൽ വാക്കേറ്റമുണ്ടായിരുന്നു. ഈ തർക്കമാണ് ഇന്ന് സംഘർഷത്തിലേക്ക് നയിച്ചതെന്നാണ് വിവരം.

സംഭവത്തിന് പിന്നാലെ മേഖലയിൽ പോലീസ് സുരക്ഷ ശക്തമാക്കിയിട്ടുണ്ട്. രണ്ട് ദിവസത്തേക്ക് പ്രദേശത്ത് ഇൻറർനെറ്റ് വിച്ഛേദിച്ചിട്ടുണ്ട്.അതേസമയം സരണിലെ സിറ്റിംഗ് എംപിയും മുൻ കേന്ദ്രമന്ത്രിയുമായ രാജീവ് പ്രതാപ് റൂഡിയാണ് മണ്ഡലത്തിൽ ബിജെപിയുടെ സ്ഥാനാർഥി.

നഗരം മോടിയാക്കാൻ സ്ഥാപിച്ച ചെടിച്ചട്ടിയിൽ കഞ്ചാവ് ചെടി; കേസെടുത്ത് എക്സൈസ്

# മമതയ്ക്കെതിരായ പരാമർശം; അഭിജിത്ത് ഗംഗോപാധ്യയ്ക്ക് 24 മണിക്കൂർ പ്രചാരണ വിലക്ക്

കോൽക്കത്ത: ബംഗാൾ മുഖ്യമന്ത്രി മമത ബാനർജിക്കെതിരായ അധിക്ഷേപ പരാമർശത്തിൽ മുൻ ഹൈക്കോടതി ജഡ്ജിയും ബിജെപി സ്ഥാനാർഥിയുമായ അഭിജിത്ത് ഗംഗോപാധ്യക്കെതിരേ നടപടി.

ഗംഗോപാധ്യക്ക് 24 മണിക്കൂർ സമയത്തേക്ക് തെരഞ്ഞെടുപ്പ് കമ്മീഷൻ പ്രചാരണ വിലക്ക് ഏർപ്പെടുത്തി.

ഇന്ന് വൈകിട്ട് അഞ്ച് മുതൽ 24 മണിക്കൂർ തെരഞ്ഞെടുപ്പ് പ്രവർത്തനങ്ങളിൽ പങ്കെടുക്കാൻ പാടില്ലെന്നാണ് നിർദേശം. ഇനി ഏതെങ്കിലും തരത്തിലുള്ള വീഴ്ച ശ്രദ്ധയിൽപ്പെട്ടാൽ കർശനമായ നടപടിയെടുക്കുമെന്നും കമ്മീഷൻ നിർദേശം നൽകി.

മേയ് 15ന് ഹാൽദിയയിൽ നടന്ന പൊതുയോഗത്തിൽവച്ച് ഗംഗോപാധ്യ നടത്തിയ പരാമർശമാണ് വിവാദമായത്. 10 ലക്ഷം രൂപ ആണോ മമതയുടെ വിലയെന്നായിരുന്നു പരാമർശം. തൃണമൂൽ കോൺഗ്രസ് ഇതിനെതിരേ തെരഞ്ഞെടുപ്പ് കമ്മീഷന് പരാതി നൽകുകയായിരുന്നു.

ബംഗാളിലെ തംലൂക്ക് മണ്ഡലത്തിലെ ബിജെപി സ്ഥാനാർഥിയാണ് ഗംഗോപാധ്യ. കൽക്കട്ട ഹൈക്കോടതി ജഡ്ജിയായിരുന്ന ഗംഗോപാധ്യ സ്ഥാനം രാജിവച്ച ശേഷമാണ് അടുത്തിടെ ബിജെപിയിൽ ചേർന്നത്.

# ഇന്ത്യ സ്കിൽസ് 202324 കേരളത്തിന് 10 മെഡലുകൾ

കേന്ദ്ര സ്കിൽ ഡെവലപ്മെന്റ് ആൻഡ് എൻട്രപ്രണർഷിപ്പ് മന്ത്രാലയം (ങടഉഋ) ദേശീയ തലത്തിൽ സംഘടിപ്പിച്ച ഇന്ത്യ സ്കിൽസ് 202324 മത്സരത്തിൽ കേരളത്തിന് വിജയത്തിളക്കം.

ഡിജിറ്റൽ കൺസ്ട്രക്ഷൻ വിഭാഗത്തിൽ പങ്കെടുത്ത അനഘ പ്രദീപ് സ്വർണ മെഡലും, കാർ പെയിന്റിങ് വിഭാഗത്തിൽ മത്സരിച്ച അതുൽ ഐ.എസ് വെങ്കല മെഡലും സ്വന്തമാക്കി. ടീം ഇവന്റുകളായ ഓട്ടോണോമസ് മൊബൈൽ റോബോട്ടിക്സിൽ പങ്കെടുത്ത ഏഞ്ചെലോ ആൻഡ്, അഫ്നാൻ യൂസഫ്, ഷൂ മേക്കിങ്ങിൽ പങ്കെടുത്ത മിഹാൽ ഷാദുലി, ഹൃദുനന്ദ എന്നിവരും വെങ്കല മെഡൽ കരസ്ഥമാക്കി. ഇവർക്ക് പുറമെ ജിതിൻ ജെ (ഹെൽത്ത് ആൻഡ് സോഷ്യൽ കെയർ), അഭിനവ് പി (ഇലക്ട്രിക്കൽ ഇൻസ്റ്റലേഷൻസ്), അബ്ദുൾ സി.കെ (ഗ്രാഫിക് ഡിസൈൻ ടെക്നോളജി), ഫിലിപ്പ് എൻ.പി (ഓട്ടോമൊബൈൽ ടെക്നോളജി), നിവേദ് കെ (പെയിന്റിംഗ് ആൻഡ് ഡെക്കറേറ്റിംഗ്), സിറിൽ മാത്യൂ (ഇൻഡസ്ട്രിയൽ ഡിസൈൻ ടെക്നോളജി) എന്നിവർ മെഡലിയൻ ഓഫ് എക്സലൻസും സ്വന്തമാക്കി.

ഡൽഹി, കർണാടക, ഹരിയാന, ഉത്തർപ്രദേശ്, ഗുജറാത്ത് എന്നീ സംസ്ഥാനങ്ങൾ ആതിഥേയത്വം വഹിച്ച ദേശീയതല മത്സരങ്ങൾക്ക് മെയ് 14 നായിരുന്നു തുടക്കം കുറിച്ചത്. കേന്ദ്ര സ്കിൽ ഡെവലപ്മെന്റ് ആൻഡ് എൻട്രപ്രണർഷിപ്പ് മന്ത്രാലയം ന്യൂഡൽഹിയിലെ ദ്വാരകയിലെ യശോഭൂമിയിൽ സംഘടിപ്പിച്ച ഉദ്ഘാടന ചടങ്ങിൽ 29 സംസ്ഥാനങ്ങളിൽ നിന്നുള്ള 900 ലധികം വിദ്യാർഥികളും 400 ലധികം വ്യവസായ വിദഗ്ധരും പങ്കെടുത്തു. 61 വിവിധ ട്രേഡുകളിൽ ആയിരുന്നു മത്സരങ്ങൾ സംഘടിപ്പിച്ചത്. സ്കിൽ ഇന്ത്യ ഡിജിറ്റൽ ഹബ് (SIDH) പോർട്ടലിൽ രജിസ്റ്റർ ചെയ്ത രണ്ടര ലക്ഷം ഉദ്യോഗാർഥികളിൽ നിന്ന് പ്രീസ്ക്രീനിങ് പ്രക്രീയയിലൂടെ 26000 പേർ ഷോർട്ട് ലിസ്റ്റ് ചെയ്യപ്പെട്ടിരുന്നു. തുടർന്ന് ഈ ഡാറ്റ സംസ്ഥാന ജില്ലാതല മത്സരങ്ങൾ സംഘടിപ്പിക്കുന്നതിനായി സംസ്ഥാനങ്ങളുമായി പങ്കിടുകയുണ്ടായി.

സംസ്ഥാന തൊഴിലും നൈപുണ്യവും വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന സംസ്ഥാന നൈപുണ്യ വികസന മിഷനും സ്കിൽ സെക്രട്ടറിയേറ്റുമായ കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസിന്റെയും (ഗഅടഋ), വ്യവസായ പരിശീലന വകുപ്പിന്റെയും നേതൃത്വത്തിൽ സംസ്ഥാനത്തെ എല്ലാ ജില്ലകളിലെയും വിദ്യാർഥികളുടെ പങ്കാളിത്തം ഉറപ്പുവരുത്തിക്കൊണ്ട് മൂന്ന് ഘട്ടങ്ങളിലായാണ് ഇന്ത്യ സ്കിൽസ് കേരള സംസ്ഥാന മത്സരങ്ങൾ സംഘടിപ്പിച്ചത്. മെയ് നാലിന് നടന്ന സ്ക്രീനിങ് ടെസ്റ്റായിരുന്നു പ്രാരംഭഘട്ടം. ഏകദേശം 580 മത്സാരാർഥികളാണ് 38 വിഭാഗങ്ങളിലായി മത്സരിച്ചത്. രണ്ടാം ഘട്ടമായി സോണൽ തല മത്സരങ്ങൾ മെയ് 7 ന് സംസ്ഥാനത്തുടനീളം വിവിധ സ്ഥലങ്ങളിൽ വച്ച് നടത്തുകയുണ്ടായി. സോണൽ തലത്തിൽ ജേതാക്കളായ വിദ്യാർഥികളായിരുന്നു മെയ് 9, 10 തീയതികളിൽ നടന്ന സംസ്ഥാന തല മത്സരത്തിൽ പങ്കെടുത്തത്. സംസ്ഥാന തലത്തിൽ വിവിധ ഇനങ്ങളിൽ നിന്നും വിജയികളായി തിരഞ്ഞെടുക്കപ്പെട്ട 31 ഉദ്യോഗാർഥികൾക്കാണ് ദേശീയ തലത്തിൽ കേരളത്തെ പ്രതിനിധീകരിക്കാൻ അവസരം ലഭിച്ചത്. ഇന്ത്യ സ്കിൽസ് ദേശീയതല മത്സരത്തില വിജയികൾ മികച്ച വ്യവസായ പരിശീലകരുടെ സഹായത്തോടെ 2024 സെപ്റ്റംബറിൽ ഫ്രാൻസിലെ ലിയോണിൽ 70 ലധികം രാജ്യങ്ങളിൽ നിന്നുള്ള 1500 മത്സരാർഥികളെ ഉൾക്കൊള്ളിപ്പിച്ചുകൊണ്ട് സംഘടിപ്പിക്കുന്ന വേൾഡ് സ്കിൽ മത്സരത്തിൽ ഇന്ത്യയെ പ്രതിനിധീകരിക്കും.

## വെള്ളവും ചെളിയും ചാല മാർക്കറ്റിൽ ദുരിതം; വ്യാപാരികൾ പ്രക്ഷോഭത്തിലേക്ക്

തിരുവനന്തപുരം: കഴിഞ്ഞ ദിവസങ്ങളിലെ മഴയിൽ വെള്ളക്കെട്ടുകളും ചെളിയും ദുർഗന്ധവും കൊണ്ട് ദുരിതത്തിലായ വ്യാപാരികൾ പ്രക്ഷോഭത്തിനൊരുങ്ങുന്നു. ഓടയുടെയും റോഡിൻറെയും അറ്റകുറ്റപ്പണികളും നടത്താനുള്ള ടെൻഡർ ലഭിച്ചിട്ടും പണി തുടങ്ങൽ വൈകിപ്പിക്കുന്നു എന്നാണ് വ്യാപാരികൾ പരാതിപ്പെടുന്നത്.മാർക്കറ്റിലെ മഴക്കാല ശുചീകരണ പ്രവർത്തനങ്ങൾ നടക്കുന്നില്ലെന്നും വ്യാപാരികൾ പറയുന്നു.

അറ്റകുറ്റ പണികൾക്കായി ആഴ്ചകൾക്ക് മുമ്പ് ചാല മാർക്കറ്റ് റോഡ് കുഴിക്കുകയും ഓട വൃത്തിയാക്കുന്നതിനായി സ്ലാബുകൾ പുറത്തെടുക്കുകയും ചെയ്തതാണ് ഇപ്പോഴത്തെ ദുരിതത്തിന് കാരണം. ചാലകരമന റോഡ് നിർമാണം പൂർത്തിയാക്കാത്തതാണ് വെള്ളക്കെട്ടിൻറെ പ്രധാന കാരണം.ഇതിനെത്തുടർന്ന് ചെറുകിട വൻകിട കച്ചവടക്കാർക്ക് ചരക്ക് വാഹനങ്ങൾ വരുന്നില്ല. കൂടാതെ ചെറുകിട ഉപഭോക്തരും വരാതായതോടുകൂടി വ്യാപാരികൾ ദുരിതത്തിലാണ്.ഇതിനു പരിഹാരം കണ്ടില്ലെങ്കിൽ വ്യാപാരികളും വ്യവസായികളും ഒറ്റക്കെട്ടായി കടകൾ അടച്ചും റോഡ് ഉപരോധിച്ചും പ്രതിഷേധിക്കുമെന്ന് ഇന്ത്യൻ നാഷണൽ വ്യാപാരി വ്യവസായി കോൺഗ്രസ് സംസ്ഥാന പ്രസിഡൻറ് ഡോ. പാളയം അശോക് പറഞ്ഞു.

## ലാറ്ററൽ എൻട്രി സ്പോട്ട് അഡ്മിഷൻ

ഐ.എച്ച്.ആർ.ഡിയുടെ പൈനാവ് മോഡൽപോളി ടെക്നിക് കോളേജിൽ ലാറ്ററൽ എൻട്രി വഴി രണ്ടാം വർഷത്തിലേക്കുള്ള അഡ്മിഷൻ ആരംഭിച്ചു. അഡ്മിഷന് താല്പര്യമുള്ള +2 SCIENCE/ VHSE/ ITI / KGCE പാസായ വിദ്യാർഥികൾക്ക് മെയ് 31 വരെ www.polyadmission.org/let എന്ന പോർട്ടൽ വഴി ഓൺലൈൻ ആയി അപേക്ഷിക്കാം. ബയോമെഡിക്കൽ എൻജിനിയറിങ്, കമ്പ്യൂട്ടർ എൻജിനിയറിങ്, ഇലക്ട്രോണിക്സ് ആൻഡ് കമ്യൂണിക്കേഷൻ എൻജിനിയറിങ് എന്നീ എൻജിനിയറിങ് ഡിപ്ലോമ പ്രോഗ്രാമുകളിലേക്കാണ് പ്രവേശനം. SC/ST/OEC/OBC-H വിദ്യാർത്ഥികൾക്ക് ഫീസിളവ് ലഭിക്കും. കൂടുതൽ വിവരങ്ങൾക്ക്: 04862297617, 8547005084, 9446073146.

## കെൽട്രോണിൽ കോഴ്സുകൾ

കെൽട്രോണിൽ ഗവൺമെന്റ് അംഗീകൃത കോഴ്സുകളായ പ്രൊഫഷണൽ ഡിപ്ലോമ ഇൻ ടജ്ജഛ ഡിജിറ്റൽ മാർക്കറ്റിംഗ്, പ്രൊഫഷണൽ ഡിപ്ലോമ ഇൻ ലോജിസ്റ്റിക്സ് ആൻഡ് സപ്ലൈ ചെയിൻ മാനേജ്മന്റ്, ഡിപ്ലോമ ഇൻ കംപ്യൂട്ടറൈസ്ഡ് ഫിനാൻഷ്യൽ അക്കൗണ്ടിംഗ് എന്നീ കോഴ്സുകളിലേക്ക് മെയ് 25 മുതൽ മെയ് 30 എന്നീ തീയതികളിൽ സ്പോട്ട് അഡ്മിഷൻ നടക്കുന്നു. പ്ലസ്ടു മുതൽ യോഗ്യത ഉള്ളവർക്ക് അപേക്ഷിക്കാം. കൂടുതൽ വിവരങ്ങൾക്ക്: 04712325154, 8590605260. സീറ്റുകൾ പരിമിതം.

# സ്മിത്ത് പുറത്ത്, മാർഷ് നായകൻ; ടി20 ലോകകപ്പിനുള്ള അന്തിമ ടീമിനെ പ്രഖ്യാപിച്ച് ഓസ്ട്രേലിയ

സിഡ്നി: ടശൻറി20 ലോകകപ്പിനുള്ള അന്തിമ 15 അംഗ ടീമിനെ പ്രഖ്യാപിച്ച് ഓസ്ട്രേലിയ. ട്രാവലിംഗ് റിസർവ് താരങ്ങളെയടക്കമാണ് പ്രഖ്യാപിച്ചത്.

പ്രാഥമികമായി പ്രഖ്യാപിച്ച ടീമിൽ മാറ്റങ്ങളില്ലാതെയാണ് 15 അംഗ സംഘത്തെ ഉറപ്പിച്ചത്. മിച്ചൽ മാർഷാണ് ടീമിൻറെ നായകൻ. അതേസമയം, മുൻ നായകൻ സ്റ്റീവ് സ്മിത്ത്, ജാസൻ ബെഹറൻഡോഫ്, തൻവീർ സംഗ എന്നിവർക്കൊന്നും ടീമിൽ സ്ഥാനമില്ല.

2022ൽ ഓസ്ട്രേലിയൻ മണ്ണിൽ നടന്ന അവസാന ടശൻറി20 ലോകകപ്പിന് ശേഷം ഓസ്ട്രേലിയക്കായി ടശൻറി20 കളിച്ചിട്ടില്ലാത്ത ഇടംകൈയൻ സ്പിന്നർ ആഷ്ടൻ ആഗറെ തിരികെ വിളിച്ചതാണ് ശ്രദ്ധേയ നീക്കം. മാർക്കസ് സ്റ്റോയിനിസ്, ടിം ഡേവിഡ്, കാമറൂൺ ഗ്രീൻ എന്നിവർക്കൊപ്പം ഗ്ലെൻ മാക്സ്വെല്ലും ഓൾറൗണ്ടറായി അന്തിമ ടീമിൽ ഇടം നേടി.

ജാക്ക് ഫ്രേസർ മക്ഗുർകിനൊപ്പം മാറ്റ് ഷോർട്ടും റിസർവ് താരമായി ഇടംപിടിച്ചു. ലോകകപ്പ് ടൂർണമെൻറിനിടെ ഏതെങ്കിലും താരത്തിന് പരിക്കേറ്റാൽ പറ്റിയ പകരക്കാരെ ലഭിക്കാനുള്ള ബുദ്ധിമുട്ട് കണക്കിലെടുത്താണ് ഇരുവരെയും ടീമിലെടുത്തതെന്ന് ഓസ്ട്രേലിയൻ ക്രിക്കറ്റ് ടീം സെലക്ഷൻ കമ്മിറ്റി അധ്യക്ഷൻ ജോർജ് ബെയ്‌ലി പറഞ്ഞു.

ഓസ്ട്രേലിയൻ താരങ്ങളും സ്റ്റാഫും ഘട്ടംഘട്ടമായി വെസ്റ്റ് ഇൻഡീസിൽ എത്തും. അതേസമയം, ഐപിഎലിൽ മത്സരിക്കുന്നവർ വീടുകളിൽ എത്തി കുടുംബത്തോടൊപ്പം സമയം ചെലവഴിച്ച ശേഷം പിന്നീട് ടീമിനൊപ്പം ചേർന്നാൽ മതിയെന്നാണ് നിർദേശം.

ജൂൺ ആറിന് ബാർബഡോസിലെ കെൻസിംഗ്ടൺ ഓവലിൽ ഒമാനെതിരേയാണ് ഓസ്ട്രേലിയയുടെ ആദ്യമത്സരം. തുടർന്ന് ഗ്രൂപ്പ് ബിയിൽ ഇംഗ്ലണ്ട്, നമീബിയ, സ്കോട്ട്ലൻഡ് എന്നിവരെയും നേരിടും.

ഓസ്ട്രേലിയ ടീം: മിച്ചൽ മാർഷ് (നായകൻ), ആഷ്ടൺ ആഗർ, പാറ്റ് കമ്മിൻസ്, ടിം ഡേവിഡ്, നഥാൻ എല്ലിസ്, കാമറൂൺ ഗ്രീൻ, ജോഷ് ഹേസിൽവുഡ്, ട്രാവിസ് ഹെഡ്, ജോഷ് ഇംഗ്ലിസ്, ഗ്ലെൻ മാക്സ്വെൽ, മിച്ചൽ സ്റ്റാർക്ക്, മാർക്കസ് സ്റ്റോയിനിസ്, മാത്യു വെയ്ഡ്, ഡേവിഡ് വാർണർ, ആദം സാംപ.

ട്രാവലിംഗ് റിസർവ്: ജാക് ഫ്രേസർ മക്ഗുർക്, മാറ്റ് ഷോർട്ട്.

# വിധിയിൽ സന്തോഷം, ഗുണ്ടാ നേതാവെന്ന കിരീടം തലയിൽനിന്ന് പോയി: സുധാകരൻ

ന്യൂഡൽഹി: ഇ.പി ജയരാജൻ വധക്കേസിൽനിന്ന് തന്നെ കുറ്റവിമുക്തനാക്കിയ കോടതി വിധിയിൽ സന്തോഷമെന്ന് കെപിസിസി പ്രസിഡൻറ് കെ.സുധാകരൻ. കേരള രാഷ്ട്രീയത്തിൽ തന്നെ ക്രിമിനലായി ചിത്രീകരിക്കാൻ കെട്ടുകഥ ഉണ്ടാക്കി വേട്ടയാടിയ പാർട്ടിയാണ് സിപിഎമ്മെന്ന് സുധാകരൻ പ്രതികരിച്ചു.

എൽഡിഎഫിൻറെയും ബിജെപിയുടെയും രാഷ്ട്രീയ നയങ്ങൾക്കെതിരെയുള്ള തിരിച്ചടിയാണ് കോടതി വിധി. തന്നെ എന്നും വേട്ടയാടാൻ ഉപയോഗിച്ച കേസാണ് അവസാനിച്ചത്.തലയ്ക്ക് മുകളിൽ വാൾ കെട്ടിതൂക്കിയത് പോലെയായിരുന്നു തൻറെ മനസ്. ഗുണ്ടാ നേതാവെന്ന കിരീടം തലയിൽനിന്ന് പോയെന്നും സുധാകരൻ കൂട്ടിച്ചേർത്തു.

വെടിയുണ്ട ശരീരത്തിൽ ഉണ്ടെങ്കിൽ അത് കാട്ടാൻ ഇ.പിയെ വെല്ലുവിളിച്ചതാണ്. അലിഞ്ഞു പോയി എന്നാണ് ഇ.പി പറഞ്ഞത്. അതിന് ഇത് തരിയുണ്ട അല്ലല്ലോ വെടിയുണ്ട അല്ലേയെന്നും സുധാകരൻ പരിഹസിച്ചു. ഇ.പി സുപ്രീം കോടതിയിൽ അപ്പീൽ പോയാലും നിയമപരമായി പോരാടുമെന്നും സുധാകരൻ കൂട്ടിച്ചേർത്തു.

# എഎപി ഏഴ് കോടി രൂപ വിദേശ സംഭാവന വാങ്ങി, ആഭ്യന്തരമന്ത്രാലയത്തെ സമീപിച്ച് ഇഡി

ന്യൂഡൽഹി: വിദേശനാണ്യ വിനിമയ ചട്ടം ലംഘിച്ച് ആംആദ്മി പാർട്ടി (എഎപി) ഏഴു കോടി രൂപ വിദേശ സംഭാവന സ്വീകരിച്ചെന്ന് ചൂണ്ടിക്കാട്ടി കേന്ദ്ര ആഭ്യന്തരമന്ത്രാലയത്തെ സമീപിച്ച് എൻഫോഴ്സ്മെൻറ് ഡയറക്ടറേറ്റ്.

വിഷയത്തിൽ എഫ്സിആർഎ നിയമപ്രകാരം അന്വേഷണം നടത്താൻ അനുമതി തേടിയാണ് ഇ ഡി ആഭ്യന്തരമന്ത്രാലയത്തിന് കത്ത് നൽകിയിരിക്കുന്നത്. എഎപി മുൻ പഞ്ചാബ് എംഎൽഎ സുഖ്പാൽ സിംഗ് ഖൈരയ്ക്ക് എതിരായ മയക്കുമരുന്ന്, കള്ളപ്പണ കേസിലെ അന്വേഷണത്തിനിടെയാണ് നിയമ ലംഘനം വ്യക്തമായത് എന്നാണ് ഇഡിയുടെ അവകാശവാദം.

എഎപി വിദേശത്ത് നിന്ന് പണം സ്വീകരിച്ചു എന്ന് വ്യക്തമാകുന്ന ഇമെയിലുകളും രേഖകളും അന്വേഷണത്തിൽ കണ്ടെത്തിയെന്നും ഇഡി വ്യക്തമാക്കി. എഎപിക്ക് ഏകദേശം 7.08 കോടി രൂപയുടെ വിദേശ സംഭാവനകൾ ലഭിച്ചുവെന്നും പണം നൽകിയവരുടെ വിവരങ്ങൾ തെറ്റായി നൽകിയെന്നും മറ്റു ചില വിവരങ്ങൾ മറച്ചുവെച്ചുവെന്നും ഇഡി കത്തിൽ ആരോപിക്കുന്നതായി വാർത്താ ഏജൻസിയായ പിടിഐ റിപ്പോർട്ട് ചെയ്തു.

സംഭാവന നൽകിയവരുടെ പേരുകൾ, ഇവരുടെ രാജ്യങ്ങൾ, പാസ്പോർട്ട് നമ്പറുകൾ, സംഭാവന ചെയ്ത തുക, സംഭാവന ചെയ്ത രീതി, സ്വീകരിച്ചയാളുടെ ബാങ്ക് അക്കൗണ്ട് വിവരങ്ങൾ എന്നിവയും ഇഡി ആഭ്യന്തര മന്ത്രാലയത്തിന് കൈമാറിയിട്ടുണ്ട്.

# പന്തീരാങ്കാവ് കേസ്: രാഹുലിനെ കണ്ടെത്താൻ റെഡ് കോർണർ നോട്ടീസ് പുറത്തിറക്കാൻ പോലീസ്

കോഴിക്കോട്: ജർമനിയിലേക്ക് കടന്ന പന്തീരാങ്കാവ് ഗാർഹിക പീഡനക്കേസിലെ പ്രതി രാഹുൽ പി. ഗോപാലിനെ കണ്ടെത്താനായി റെഡ് കോർണർ നോട്ടീസ് പുറത്തിറക്കും. ഇതിനായി ക്രൈംബ്രാഞ്ച് എഡിജിപി സിബിഐ ഡയറക്ടർക്ക് അപേക്ഷ നല്കി. അപേക്ഷ സിബിഐ ഡയറക്ടർ വ്യാഴാഴ്ച ഇൻറർപോളിനു കൈമാറും.

രാഹുലിനെ കണ്ടെത്താനായി നേരത്തെ ഇൻറർപോൾ മുഖേന പോലീസ് ബ്ലൂ കോർണർ നോട്ടീസ് പുറപ്പെടുവിച്ചതിൽ ഫലമില്ലാതായതോടെയാണ് പുതിയ നീക്കം.രണ്ടു ദിവസത്തിനകം റിപ്പോർട്ട് ഫ്രാൻസിലെ ഇൻറർപോൾ ആസ്ഥാനത്ത് എത്തിക്കും. ഈ റിപ്പോർട്ടിൽ സംസ്ഥാന ആഭ്യന്തര വകുപ്പിനു വിശദ മറുപടി ലഭിച്ച ശേഷമേ പ്രതിക്കെതിരെ റെഡ്കോർണർ നോട്ടീസ് പുറപ്പെടുവിക്കൂ.

നേരത്തെ രാഹുലിൻറെ കാറിൽ രക്തക്കറ കണ്ടെത്തി. നവവധുവിൻറെ ചോരപ്പാടുകളാണിതെന്ന സംശയത്തെത്തുടർന്ന് പോലീസ് ഈ കാർ കസ്റ്റഡിയിൽ എടുത്തു. ഫോറൻസിക് വിദഗ്ധർ കാർ പരിശോധിച്ചു. മർദനം സംബന്ധിച്ച നവവധുവിൻറെയും വീട്ടുകാരുടെയും പരാതിക്കു ശാസ്ത്രീയമായ തെളിവുകൾകൂടി ശേഖരിക്കാനുള്ള നീക്കത്തിലാണു പോലീസ്.

കേസിൽ പന്തീരാങ്കാവ് പോലീസ് ആദ്യം സ്വീകരിച്ച നടപടികൾ പോലീസ് സേനയ്ക്കാകെ നാണക്കേട് സൃഷ്ടിച്ച സാഹചര്യത്തിൽ, കേസിൻറെ വിശദാംശങ്ങൾ പ്രതിക്കു ചോർത്തിക്കൊടുത്തുവെന്ന് ആരോപണമുയർന്ന പന്തീരാങ്കാവ് സ്റ്റേഷനിലെ സീനീയർ സിവിൽ പോലീസ് ഓഫീസർ ശരത് ലാലിനെ സിറ്റി പോലീസ് കമ്മീഷണർ സസ്പെൻഡ് ചെയ്തിരുന്നു. പ്രതിയുടെയും ശരത് ലാലിൻറെയും ഫോൺ വിളികളുടെ അടക്കം വിശദാംശങ്ങൾ പരിശോധിച്ച ശേഷമാണ് സസ്പെൻഷൻ ഉത്തരവു പുറപ്പെടുവിച്ചത്.

സ്റ്റേഷനിൽ എത്തിയ പ്രതിയെ വിളിക്കുന്പോൾ ഹാജരാകണമെന്ന് ആവശ്യപ്പെട്ട് ആദ്യം പോലീസ് വിട്ടയയ്ക്കുകയായിരുന്നു. പിന്നീട് കൂടുതൽ ഗൗരവകരമായ വകുപ്പുകൾ പ്രകാരം കേസെടുക്കാൻ പോലീസ് നിർബന്ധിതമായപ്പോൾ ശരത് ലാലിൻറെ ഉപദേശം സ്വീകരിച്ചാണു പ്രതി ബംഗളൂരു വഴി ജർമനിയിലേക്കു കടന്നതെന്ന് ആരോപണം ഉയർന്നിരുന്നു.

# ഏഞ്ചലോസ് 2024: ആഘോഷമായി മാലാഖമാരുടെ സംഗമം

തൃശൂർ: തൃശൂർ അതിരൂപതയിൽനിന്ന് ഈ വർഷം ആഘോഷപൂർവമായി കുർബാന സ്വീകരിച്ച കുഞ്ഞുങ്ങളുടെ സംഗമം അതിരൂപത ആർച്ച്ബിഷപ് മാർ ആൻഡ്രൂസ് താഴത്ത് ഉദ്ഘാടനം ചെയ്തു.തൃശൂർ ലൂർദ് കത്തീഡ്രൽ ദേവാലയത്തിൽ ഇന്നലെ ഉച്ചയ്ക്ക് ഒന്നരയ്ക്കു നടന്ന ഏഞ്ചലോസ് 2024 സംഗമത്തിൽ മാലാഖമാരെപ്പോലെ വെള്ളയുടുപ്പിട്ടു തലയിൽ മുടിചൂടി ആയിരത്തിഅഞ്ഞൂറിലേറെ കുട്ടികൾ പങ്കെടുത്തു. അതിരൂപതയിലെ 16 ഫൊറോനകളിൽനിന്നുള്ള കുട്ടികളാണു പങ്കെടുത്തത്. ദീപം തെളിയിക്കലിനുശേഷം ഭക്തിസാന്ദ്രമായ ഗാനാലാപനത്തോടെ ദിവ്യബലിയർപ്പിച്ചു. വിശുദ്ധ കുർബാനയിലൂടെ ശക്തി സംഭരിച്ച് യേശുവിന് സാക്ഷ്യം വഹിക്കേണ്ടതിൻറെ ആവശ്യകതെയെകുറിച്ചും തിരുവചനത്തോടുള്ള സ്നേഹത്തിൽ വളർന്നു പരിശുദ്ധാത്മാവിൽ നിറഞ്ഞ് പരിശുദ്ധ അമ്മയുടെ കരം പിടിച്ചുള്ള ജീവിതം നയിക്കേണ്ടവരാണ് കുഞ്ഞുമക്കളെന്നും ആർച്ച്ബിഷപ് സന്ദേശത്തിൽ പറഞ്ഞു. നവവൈദികരായ ഫാ. ഡിൻറോ വല്ലച്ചിറക്കാരൻ, ഫാ. ജിജോ എടക്കളത്തൂർ എന്നിവർ സഹകാർമികത്വം വഹിച്ചു. അതിരൂപത സഹായമെത്രാൻ മാർ ടോണി നീലങ്കാവിൽ ആശംസകൾ നേർന്ന് സംസാരിച്ചു. തുടർന്ന് കുട്ടികൾക്കു മെമൻറോ വിതരണം ചെയ്തു. ചിൽഡ്രൻസ് മിനിസ്ട്രി ഡയറക്ടർ ഫാ. സിജോ മുരിങ്ങാത്തേരി, കത്തീഡ്രൽ വികാരി ഫാ. ഡേവിസ് പുലിക്കോട്ടിൽ, ഫാ. അനു ചാലിൽ, സിസ്റ്റർ ബീന റോസ് എസ്എസ്പിസി, വൈദിക വിദ്യാർഥികൾ, ചിൽഡ്രൻസ് മിനിസ്ട്രി അതിരൂപത ഭാരവാഹികൾ, ആനിമേറ്റേഴ്സ് എന്നിവർ നേതൃത്വം നൽകി.



തൈയ്ക്കാട് റെസ്റ്റ് ഹൗസിൽ ചേർന്ന അവലോകന യോഗം

# രാജ്യാന്തര മയക്കുമരുന്ന് കടത്ത്: ക്യാപ്റ്റൻ ബംഗളൂരുവിൽ പിടിയിൽ

നെടുമ്പാശേരി: രാജ്യാന്തര മയക്കുമരുന്ന് ശൃംഖലയിലെ പ്രധാന കണ്ണികളിലൊരാളെ ബംഗളൂരുവിൽ നിന്ന് പോലീസ് പിടികൂടി. കോംഗോ സ്വദേശി റെംഗാര പോളി(29)നെയാണ് മടിവാളയിൽ നിന്ന് എറണാകുളം റൂറൽ ജില്ലാ പോലീസ് മേധാവി ഡോ. വൈഭവ് സക്സേനയുടെ നേതൃത്വത്തിലുള്ള പ്രത്യേക അന്വേഷണ സംഘം അറസ്റ്റ് ചെയ്തത്. ബംഗളൂരു മൈക്കോ പോലീസിൻറെ സഹകരണത്തോടെയായിരുന്നു അറസ്റ്റ്.

ബംഗളൂരുവിൽ നിന്ന് ടൂറിസ്റ്റ് ബസിൽ രാസലഹരി കടത്തുന്നതിനിടെ കഴിഞ്ഞ മാസം 200 ഗ്രാം എംഡിഎംഎയുമായി വിപിൻ എന്നയാളെ അങ്കമാലിയിൽ വച്ച് പോലീസ് അറസ്റ്റ് ചെയ്തിരുന്നു. ഇയാളിൽ നിന്നു ലഭിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ നടത്തിയ അന്വേഷണമാണ് കോംഗോ സ്വദേശിയിലേക്കെത്തിയത്.

മയക്കുമരുന്ന് സംഘങ്ങൾക്കിടയിൽ ക്യാപ്റ്റൻ എന്നറിയപ്പെടുന്ന ഇയാൾ 2014ലാണ് സ്റ്റുഡൻറ് വിസയിൽ ബംഗളൂരുവിലെത്തിയത്. തുടർന്ന് അവിടെ മയക്കുമരുന്ന് വില്പനയും രാസലഹരി നിർമാണവും ആരംഭിച്ചു. ഇതോടെ കുക്ക് എന്ന പേരിൽ അറിയപ്പെടാൻ തുടങ്ങി.കേരളത്തിലേക്കെത്തിക്കുന്ന രാസലഹരിയിൽ ഭൂരിഭാഗവും ഇയാളുടെ സംഘം വഴിയാണെന്നാണ് കരുതുന്നത്. കോടിക്കണക്കിന് രൂപയുടെ മയക്കുമരുന്നാണ് സംഘം വില്പന നടത്തിയിട്ടുള്ളത്. ഫോൺ വഴി ഇയാളുമായി ബന്ധപ്പെടാനാകില്ല.ഗൂഗിൾ പേ വഴി തുക അയച്ചു കൊടുത്താൽ ലഹരിമരുന്ന് ആളില്ലാത്ത സ്ഥലത്ത് വച്ചിട്ട് ലൊക്കേഷൻ മാപ്പ് അയച്ചുകൊടുക്കും. ഇതാണ് ഇയാളുടെ രീതി. ബംഗളൂരു പോലീസിൻറെ സഹായത്തോടെ കേരള പോലീസ് ദിവസങ്ങളോളം പലയിടങ്ങളിൽ തമ്പടിച്ച് നടത്തിയ നിരീക്ഷണത്തിനൊടുവിലാണ് പ്രതിയെ കസ്റ്റഡിലെടുത്തത്.

ഡിവൈഎസ്പി എ. പ്രസാദ്, എഎസ്പി ട്രെയിനി അഞ്ജലി ഭാവന, ഇൻസ്പെക്ടർ പി.ലാൽ കുമാർ, എസ്ഐ എൻ.എസ്. റോയി, സീനിയർ സിപിഒമാരായ എം.ആർ. മിഥുൻ, കെ.ആർ. മഹേഷ്, സിപിഒമാരായ അജിതാ തിലകൻ, എബി സുരേന്ദ്രൻ, ഡാൻസാഫ് ടീം തുടങ്ങിയവരാണ് അന്വേഷണ സംഘത്തിലുണ്ടായിരുന്നത്. ഓപ്പറേഷൻ ക്ലീനിൻറെ ഭാഗമായി കഴിഞ്ഞ ആറു മാസത്തിനിടെ 745 എൻഡിപിഎസ് കേസുകളാണ് റൂറൽ ജില്ലയിൽ രജിസ്റ്റർ ചെയ്തിട്ടുള്ളത്.

# ഭക്ഷ്യ സുരക്ഷ: പരിശോധനയിലും പിഴത്തുകയിലും റെക്കോർഡ് വർധന; പിഴത്തുക ഇരട്ടിയിലധികം

## കർശന പരിശോധനയും നടപടിയുമായി ഭക്ഷ്യ സുരക്ഷാ വകുപ്പ്

## 65,432 പരിശോധനകൾ, 4.05 കോടി രൂപ പിഴ ഈടാക്കി

സുരക്ഷിത ഭക്ഷണം ഉറപ്പു വരുത്തുന്നതിനായി സംസ്ഥാന ഭക്ഷ്യ സുരക്ഷാ വകുപ്പ് കഴിഞ്ഞ സാമ്പത്തിക വർഷം 65,432 പരിശോധനകൾ നടത്തിയതായി ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. മുൻ വർഷങ്ങളേക്കാൾ റെക്കോർഡ് പരിശോധനകളാണ് കഴിഞ്ഞ വർഷം പൂർത്തിയാക്കിയത്. പിഴത്തുകയും ഇരട്ടിയായി. എല്ലാ ജില്ലകളിൽ നിന്നായി 4,05,45,150 രൂപ വിവിധ കാരണങ്ങളാൽ പിഴയിനത്തിൽ ഈടാക്കി. കർശന പരിശോധനയുടേയും നടപടിയുടേയും ഫലമാണിത്. 10,466 സ്റ്റാറ്റിയൂട്ടറി സാമ്പിളുകൾ വിവിധ സ്ക്വാഡുകളുടെ നേതൃത്വത്തിൽ ശേഖരിച്ചു. 37,763 സർവൈലൻസ് സാമ്പിളുകളും പരിശോധനയ്ക്കെടുത്തു. കഴിഞ്ഞ വർഷം 982 അഡ്ജ്യൂഡിക്കേഷൻ കേസുകളാണ് ഫയൽ ചെയ്തത്. 760 പ്രോസിക്യൂഷൻ കേസുകളും ഫയൽ ചെയ്തു. 7343 റെക്ടിഫിക്കേഷൻ നോട്ടീസുകളും 9642 കോമ്പൗണ്ടിംഗ് നോട്ടീസുകളും 438 ഇമ്പ്രൂവ്മെന്റ് നോട്ടീസുകളും നൽകി. പകർച്ചവ്യാധികളുടെ പശ്ചാത്തലത്തിൽ ശക്തമായ പരിശോധനകൾ തുടർന്നു വരുന്നതായും മന്ത്രി വ്യക്തമാക്കി.ഷവർമ്മ ഉത്പാദന വിതരണ കേന്ദ്രങ്ങളിൽ മാത്രം 6531 പരിശോധനകൾ നടത്തി. നിയമലംഘനം കണ്ടെത്തിയ 2064 സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകി 85,62,600 രൂപ പിഴ ഈടാക്കി. സമഗ്രമായ പരിശോധനകൾ നടത്തുന്നതിനായി വകുപ്പിൽ രൂപീകരിച്ച സ്പെഷ്യൽ ടാസ്ക് ഫോഴ്സിന്റെ നേതൃത്വത്തിൽ 448 സ്ഥാപനങ്ങളിൽ കഴിഞ്ഞ സാമ്പത്തിക വർഷം പരിശോധനകൾ നടത്തി. സ്കൂൾ പരിസരങ്ങളിലെ കടകൾ കേന്ദ്രീകരിച്ചും മെഡിക്കൽ കോളേജ് കാന്റീനുകൾ കേന്ദ്രീകരിച്ചും സംസ്ഥാന വ്യാപകമായി സ്ക്വാഡുകൾ പരിശോധിച്ചു. സ്കൂൾ പരിസരങ്ങളിലുള്ള 116 സ്ഥാപനങ്ങളിൽ നിന്നും 721 സാമ്പിളുകൾ ശേഖരിച്ച് തുടർ പരിശോധനകൾക്കായി കൈമാറി. ഏലയ്ക്ക, ശർക്കര തുടങ്ങിയ നിർമ്മാണ വിതരണ കേന്ദ്രങ്ങളിലെല്ലാം സ്പെഷൽ സ്ക്വാഡ് പരിശോധിച്ചു. ഷവർമ്മ നിർമ്മാണ വിതരണ ക്രേന്ദ്രങ്ങളിൽ 589 പരിശോധനകളും സ്പെഷൽ ടാസ്ക് ഫോഴ്സിന്റെ നേതൃത്വത്തിൽ പൂർത്തിയാക്കി. ഗുരുതര വീഴ്ചകൾ കണ്ടെത്തിയതിനാൽ 60 സ്ഥാപനങ്ങളുടെ പ്രവർത്തനം താത്ക്കാലികമായി നിർത്തി വയ്പിച്ചു.

ഭക്ഷണ നിർമ്മാണ വിപണനവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന 21,758 വ്യക്തികൾക്ക് കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ വകുപ്പിന്റെ നേതൃത്വത്തിൽ ഫോസ്ടാക് പരിശീലനം നൽകി. ഇതുവഴി ഭക്ഷണം പാചകം ചെയ്യുമ്പോഴും വിതരണം ചെയ്യുമ്പോഴും പാലിക്കേണ്ട മാർഗനിർദ്ദേശങ്ങൾ ജീവനക്കാർക്ക് നൽകാൻ സാധിച്ചു. ഉപയോഗിച്ച എണ്ണ ശേഖരിച്ച് പുനരുപയോഗം നടത്തുന്ന റൂകോ പദ്ധതിയിലൂടെ 9,60,605 ലിറ്റർ ഉപയോഗിച്ച എണ്ണ വകുപ്പിന്റെ നേതൃത്വത്തിൽ കഴിഞ്ഞ വർഷം ശേഖരിച്ചു കൈമാറി. ഈ വർഷം ഇത് വർധിപ്പിക്കാനാണ് വകുപ്പ് ലക്ഷ്യമിടുന്നത്.സംസ്ഥാനത്തെ 38 ആരാധനാലയങ്ങൾക്ക് ഈറ്റ് റൈറ്റ് പ്ലേസ് ഓഫ് വർഷിപ്പ് സർട്ടിഫിക്കറ്റ് നൽകി. 20 കേന്ദ്രങ്ങൾക്ക് ക്ലീൻ ഫ്രൂട്ട് ആന്റ് വെജിറ്റബിൾ മാർക്കറ്റ് അംഗീകാരം നൽകി. ഈറ്റ് റൈറ്റ് സ്റ്റേഷൻ സർട്ടിഫിക്കറ്റ് 23 റയിൽവേ സ്റ്റേഷനുകൾ നേടി. 2331 സ്ഥാപനങ്ങൾ ഹൈജീൻ റേറ്റിംഗും 182 വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഈറ്റ് റൈറ്റ് സ്കൂൾ ആന്റ് കാംപസ് സർട്ടിഫിക്കറ്റും കരസ്ഥമാക്കി. സ്ഥാപനങ്ങളുടെ ലൈസൻസ് ഉറപ്പുവരുത്തുന്നതിനായി നടത്തിയ ഫോസ് കോസ് ഡ്രൈവിൽ 10,545 പരിശോധനകളാണ് നടത്തിയത്. 22,525 സ്ഥാപനങ്ങളാണ് കഴിഞ്ഞ വർഷം സംസ്ഥാനത്ത് ലൈസൻസ് നേടിയത്.ഉപഭോക്താക്കൾക്ക് ശുദ്ധമായ മത്സ്യം ഉറപ്പു വരുത്തുന്നതിനായി ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ നേതൃത്വത്തിൽ നടപ്പിലാക്കി വരുന്ന ഓപ്പറേഷൻ മത്സ്യയിലൂടെ 5276 പരിശോധനകളാണ് പൂർത്തിയാക്കിയത്. മോശമായ 7212 കിലോ മത്സ്യം നശിപ്പിച്ചു. 2,58,000 രൂപ വിവിധ കാരണങ്ങളാൽ പിഴ ഈടാക്കി. ഭക്ഷണ പാക്കറ്റുകളിൽ ലേബൽ പതിക്കുന്നത് നിർബന്ധമാക്കുകയും ഇത് ഉറപ്പു വരുത്തുന്നതിനായി നടത്തിയ ഓപ്പറേഷൻ ലേബലിൽ 791 പരിശോധനകൾ പൂർത്തിയാക്കി. ഇതുമായി ബന്ധപ്പെട്ട് മാത്രം 122 അഡ്ജ്യൂഡിക്കേഷൻ കേസുകൾ ഫയൽ ചെയ്തു. ഇതോടൊപ്പം ഓണം, ക്രിസ്തുമസ്, ന്യൂ ഇയർ പ്രമാണിച്ച് ചെക്ക് പോസ്റ്റുകളിൽ ഉൾപ്പടെ സ്പെഷ്യൽ പരിശോധനകളും വകുപ്പിന്റെ നേതൃത്വത്തിൽ കഴിഞ്ഞ സാമ്പത്തിക വർഷം പൂർത്തിയാക്കി.

# പകർച്ചവ്യാധി പ്രതിരോധം: ആരോഗ്യ വകുപ്പിന്റെ സംസ്ഥാനതല ആർ.ആർ.ടി. നിലവിൽ വന്നു

സംസ്ഥാനത്ത് പകർച്ചവ്യാധി പ്രതിരോധത്തിന് ആരോഗ്യ വകുപ്പ് സ്റ്റേറ്റ് ലെവൽ റാപ്പിഡ് റെസ്പോൺസ് ടീം (ആർആർടി) രൂപീകരിച്ച് ഉത്തരവായതായി ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. മഴ ശക്തമായ സാഹചര്യത്തിലും മൺസൂൺ എത്തുന്ന സാഹചര്യത്തിലും ആരോഗ്യ വകുപ്പിന്റെ സ്റ്റേറ്റ് കൺട്രോൾ റൂം ആരംഭിക്കും. കടുത്ത വേനലിൽ നിന്നും മഴയിലേക്ക് കാലാവസ്ഥാ വ്യതിയാനം ഉണ്ടായതിനാൽ പകർച്ചവ്യാധികൾക്കെതിരെ ജാഗ്രത പുലർത്തണം. ആശുപത്രികൾ അണുബാധാ നിയന്ത്രണ പ്രോട്ടോകോളും സുരക്ഷാ മാനദണ്ഡങ്ങളും കൃത്യമായി പാലിക്കണം. പ്രധാന ആശുപത്രികളിൽ ഫീവർ ക്ലിനിക് ഉറപ്പാക്കും. ഐഎംഎ, ഐഎപി മുതലായ സംഘടനകളുടെ പിന്തുണ ഉറപ്പാക്കും. ആർആർടി നൽകുന്ന നിർദേശങ്ങൾ എല്ലാവരും കൃത്യമായി പാലിക്കണമെന്ന് മന്ത്രി അഭ്യർത്ഥിച്ചു. മന്ത്രി വീണാ ജോർജിന്റെ നേതൃത്വത്തിൽ സംസ്ഥാനതല ആർആർടി യോഗം ചേർന്ന് സ്ഥിതി അവലോകനം ചെയ്തു. ഡെങ്കിപ്പനി, എലിപ്പനി, മഞ്ഞപ്പിത്തം (ഹെപ്പറ്റൈറ്റിസ് എ), ജലജന്യ രോഗങ്ങൾ എന്നിവ വളരെയേറെ ശ്രദ്ധിക്കണം. വേനൽക്കാലം കഴിഞ്ഞെങ്കിലും ഇനിയും മഞ്ഞപ്പിത്തത്തിനെതിരെ ജാഗ്രത വേണം. മഞ്ഞപ്പിത്തത്തിനെതിരെ ഫീൽഡ് തല പ്രവർത്തനങ്ങൾ നല്ല രീതിയിൽ നടക്കുന്നുണ്ട്.

പൊതുജനാരോഗ്യ നിയമ പ്രകാരം മെഡിക്കൽ ഓഫീസർമാർ കൃത്യമായ ഇടപെടലുകൾ നടത്തണം. ഭക്ഷ്യ സുരക്ഷാ വകുപ്പ് പരിശോധന ശക്തമാക്കണം. ഹോട്ടലുകൾ തിളപ്പിച്ചാറ്റിയ വെള്ളം മാത്രമേ കുടിക്കാൻ നൽകാവൂ. ജീവനക്കാർ ശുചിത്വം പാലിക്കണം. ശാസ്ത്രീയമായ ചികിത്സ മാത്രമേ തേടാവൂ. ചികിത്സാ പ്രോട്ടോകോൾ കൃത്യമായി പാലിക്കണം. ആശുപത്രികൾ മരുന്നുകളുടെ സ്റ്റോക്ക് വിലയിരുത്തി ലഭ്യത ഉറപ്പാക്കണം. വൺ ഹെൽത്ത് കമ്മ്യൂണിറ്റി വോളന്റിയർമാരുടെ സേവനം പ്രയോജനപ്പെടുത്തണം.

മഴക്കാലമായതിനാൽ ഡെങ്കിപ്പനിയ്ക്കെതിരെയും എലിപ്പനിയ്ക്കെതിരെയും ജാഗ്രത പാലിക്കണം. വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുറക്കുന്നതിന് മുമ്പ് ശുചീകരണ പ്രവർത്തനങ്ങൾ നടത്തുകയും കുടിവെള്ള സ്രോതസുകൾ ശുദ്ധമാണെന്ന് ഉറപ്പാക്കുകയും വേണം.

ആരോഗ്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, എൻ.എച്ച്.എം. സ്റ്റേറ്റ് മിഷൻ ഡയറക്ടർ, ആയുഷ് മിഷൻ സ്റ്റേറ്റ് മിഷൻ ഡയറക്ടർ, ഭക്ഷ്യ സുരക്ഷാ കമ്മീഷണർ, ആരോഗ്യ വകുപ്പ് ഡയറക്ടർ, മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ, ഐ.എസ്.എം വകുപ്പ് ഡയറക്ടർ, അഡീഷണൽ ഡയറക്ടർമാർ, ആർ.ആർ.ടി. ടീം അംഗങ്ങൾ, കെ.എം.എസ്.സി.എൽ. ജനറൽ മാനേജർ എന്നിവർ പങ്കെടുത്തു.

# വയോജനമേഖലയിലെ സേവനങ്ങൾ: ഒന്നാംഘട്ട പരിശീലനം 23ന്

സംസ്ഥാന വയോജന കൗൺസിൽ, ജില്ലാതല വയോജന കമ്മിറ്റി എന്നിവയിലേക്ക് തിരഞ്ഞെടുക്കപ്പെട്ട പുതിയ അംഗങ്ങൾക്കായി ഏകദിന പരിശീലനപരിപാടി 23ന് രാവിലെ 10ന് തിരുവനന്തപുരത്ത് ഐ എം ജിയിൽ നടക്കും. വൈകിട്ട് അഞ്ചു വരെ നടക്കുന്ന പരിശീലന പരിപാടി രാവിലെ പത്തുമണിക്ക് ഉന്നതവിദ്യാഭ്യാസസാമൂഹ്യനീതി മന്ത്രി ഡോ. ആർ ബിന്ദു ഉദ്ഘാടനം ചെയ്യും.

വയോജനമേഖലയിൽ നടപ്പാക്കുന്ന വിവിധ പദ്ധതികളെയും സേവനങ്ങളെയും സംബന്ധിച്ചും മുതിർന്ന പൗരന്മാരുടെ ക്ഷേമവും സംരക്ഷണവും സംബന്ധിച്ച ആക്റ്റുകളെക്കുറിച്ചും അവബോധം നൽകാനാണ് ഏകദിന പരിശീലനപരിപാടിയെന്ന് മന്ത്രി ഡോ. ആർ ബിന്ദു അറിയിച്ചു. മന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന സംസ്ഥാന വയോജന കൗൺസിൽ യോഗതീരുമാന പ്രകാരമാണ് പരിശീലനം. രണ്ടു ബാച്ചുകളായി നിശ്ചയിച്ച പരിശീലന പരിപാടിയുടെ ഒന്നാം ബാച്ചായി തിരുവനന്തപുരം മുതൽ എറണാകുളം വരെയുള്ള ജില്ലകളിലെ അംഗങ്ങളാണ് 23ന് പരിശീലനത്തിനെത്തുക.

സാമൂഹ്യനീതി വകുപ്പിന് പുറമെ തദ്ദേശസ്വയംഭരണം, പോലീസ്, ആരോഗ്യകുടുംബക്ഷേമ വകുപ്പുകൾ എന്നിവ വഴി വയോജനങ്ങൾക്ക് നൽകിവരുന്ന സേവനങ്ങളും പദ്ധതികളും സംബന്ധിച്ച് ബന്ധപ്പെട്ട വകുപ്പുകളിൽനിന്നുള്ള വിദഗ്ധർ മാർഗ്ഗനിർദ്ദേശം നൽകും.

# മാന്ത്രയ്ക്കൽ റെയിൽവേ തുരങ്കപാത വെള്ളക്കെട്ടിൽതന്നെ

ആലുവ: മഴവെള്ള സംഭരണി നിർമാണം തുടങ്ങി 32 ദിവസം കഴിഞ്ഞിട്ടും ചൂർണിക്കരയിലെ മാന്ത്രയ്ക്കൽ റെയിൽവേ തുരങ്കപാത മഴ പെയ്താൽ ഇപ്പോഴും വെള്ളക്കെട്ടിൽ. തുരങ്കത്തിനകത്ത് കെട്ടിക്കിടക്കുന്ന മഴവെള്ളം സമീപത്ത് നിർമിച്ചിരിക്കുന്ന ടാങ്കിലേക്ക് പമ്പ് ചെയ്യുന്ന സംവിധാനം വൈകുന്നതാണ് വിനയായിരിക്കുന്നത്.

ദേശീയ പാതയിൽ കമ്പനിപ്പടിയിൽനിന്ന് 25 വർഷം മുമ്പ് റെയിൽവേ നിർമിച്ച തുരങ്കമാണിത്. വെള്ളക്കെട്ട് ഈ മഴക്കാലം മുതൽ ഒഴിവാകുമെന്നാണ് പ്രദേശവാസികൾ പ്രതീക്ഷിച്ചിരുന്നത്. വേനൽമഴയിൽ രണ്ട് തവണ തുരങ്കം വെള്ളക്കെട്ടിലായി. 10,000 ലിറ്റർ സംഭരണശേഷിയുള്ള കോൺക്രീറ്റ് ടാങ്കിലേക്ക് വെള്ളം പമ്പ് ചെയ്ത് കയറ്റി കാനയിലേക്ക് ഒഴുക്കി കളയുന്ന പദ്ധതിയാണ് ഒരു മാസം മുമ്പ് ആരംഭിച്ചത്. പക്ഷേ ടാങ്ക് നിർമാണം കഴിഞ്ഞിട്ടും പമ്പിംഗ് നടക്കുന്നില്ലെന്നാണ് പരാതി.

തായിക്കാട്ടുകര, കുന്നത്തേരി, മനക്കപ്പടി മേഖലയിൽനിന്ന് ദേശീയ പാതയിലേക്ക് എളുപ്പത്തിൽ പോകാവുന്ന വഴിയാണിത്. നിർമാണം നടക്കുന്നതിനാൽ രണ്ട് കിലോമീറ്റർ ചുറ്റി ഗാരേജ് റെയിൽവേ ഗേറ്റ് കടന്നാണ് വാഹനങ്ങൾ പോകുന്നത്. വെള്ളക്കെട്ട് രൂപം കൊണ്ടതോടെ ഇരുചക്ര വാഹനങ്ങൾക്കും കടന്നു പോകാൻ കഴിയാതെയായി.

വെള്ളക്കെട്ട് ഒഴിവാക്കാൻ അടിയന്തര നടപടിയെടുക്കണമെന്ന് ചൂർണിക്കര പഞ്ചായത്ത് വൈസ് പ്രസിഡൻറ് ബാബു പുത്തനങ്ങാടി തിരുവനന്തപുരം റെയിൽവേ ഡിവിഷണൽ മാനേജറോട് ആവശ്യപ്പെട്ടു.

# വിജ്ഞാനവേനലിൽ ഒരുമയുടെ വരവർണ്ണങ്ങൾ

വൈലോപ്പിള്ളി സംസ്കൃതി ഭവനും അഭിജിത് ഫൗണ്ടേഷനും സംയുക്തമായി സംഘടിപ്പിച്ചു വരുന്ന വിജ്ഞാനവേനൽ ക്യാമ്പിൽ കുട്ടികൾ ഒരുമയുടെ വരവർണ്ണങ്ങൾ ഒരുക്കിയത് ഏറെ കൗതുകമായി. കുട്ടികളിലെ കഴിവുകൾ കണ്ടെത്തി പ്രോത്സാഹനം നൽകുക എന്ന ലക്ഷ്യത്തോടെ ചിത്രകാരനും വൈലോപ്പിള്ളി സംസ്കൃതി ഭവൻ ഭരണസമിതി അംഗവുമായ രാജേഷ് ചിറപ്പാട് കുട്ടികൾക്ക് ചിത്രരചന പരിശീലനം നൽകി. എൻ.എസ്.എസ്. കോളേജ് അസി. പ്രൊഫസർ ഡോ. ഗീത എസ് എയ്റോബിക്സിലൂടെ ആരോഗ്യനടനം കുട്ടികളെ അഭ്യസിപ്പിച്ചു. ഇന്റർനാഷണൽ സ്കൂൾ ഓഫ് ചെസ് മാനേജിംഗ് ഡയറക്ടർ ഉണ്ണികൃഷ്ണൻ എം.എ. ചെസ് കളി പരിശീലിപ്പിച്ചു. ഒന്നാണ് നമ്മൾ എന്ന വിഷത്തിൽ കനൽ എൻ.ജി.ഒ ഡയറക്ടർ ആൻസൺ പി.ഡി. അലക്സാണ്ടറുടെ പ്രചോദനാത്മകമായ ക്ലാസ്സും നടന്നു. വിജ്ഞാനവേനൽ ക്യാമ്പ് ഇന്ന് (22.5.2023) സമാപിക്കും. സമാപന സമ്മേളനത്തിൽ ഡോ. ദിവ്യ എസ്.അയ്യർ മുഖ്യാതിഥിയായി എത്തും.

# എൽ ബി എസ് വനിതാ എൻജിനിയറിങ് കോളജിൽ പുതിയ വനിതാ പോളിടെക്നിക്കിന് അംഗീകാരം

സംസ്ഥാനത്ത് ഒരു വനിതാപോളിടെക്നിക് കൂടി ആരംഭിക്കാൻ എ ഐ സി ടി ഇ അംഗീകാരം നൽകി. പൂജപ്പുര എൽ ബി എസ് വനിതാ എൻജിനിയറിങ് കോളേജിനാണ് ഈ അധ്യയന വർഷം മുതൽ വനിതകൾക്ക് മാത്രമായുള്ള പോളിടെക്നിക് ആരംഭിക്കുന്നതിന് എ ഐ സി ടി ഇ അനുമതി ലഭിച്ചത്. സംസ്ഥാനത്തെ ഉന്നതവിദ്യാഭ്യാസ മേഖലയുടെ മുന്നേറ്റത്തിന് കൂടുതൽ ഊർജ്ജം നൽകുന്നതാണ് ഈ അംഗീകാരമെന്ന് ഉന്നതവിദ്യാഭ്യാസസാമൂഹ്യനീതി മന്ത്രി ഡോ.ആർ. ബിന്ദു പറഞ്ഞു.

ഇലക്ട്രോണിക്സ് ആൻഡ് കമ്മ്യൂണിക്കേഷൻ എൻജിനിയറിങ്, കമ്പ്യൂട്ടർ സയൻസ് ആൻഡ് എൻജിനിയറിങ്, സിവിൽ എൻജിനിയറിങ് എന്നീ ഡിപ്ലോമ കോഴ്സുകൾ ആരംഭിക്കാനാണ് അനുമതി. 60 വീതം വീതം സീറ്റുകൾക്കാണ് എ.ഐ.സി.ടി.ഇ അനുമതി നൽകിയത്.അക്കാദമിക് രംഗത്തും ഗവേഷണ രംഗത്തും നിരന്തരം പുതുചുവടുകൾ വയ്ക്കുന്ന ഈ സ്ഥാപനത്തിൽ പോളിടെക്നിക് ആരംഭിക്കുക വഴി സാങ്കേതികരംഗത്ത് വനിതകളുടെ തൊഴിൽ നൈപുണ്യ വികസനത്തിന് കൂടുതൽ കരുത്തേകുമെന്ന് മന്ത്രി പറഞ്ഞു.

ഉന്നതവിദ്യാഭ്യാസ മേഖലയ്ക്കും തൊഴിലധിഷ്ഠിത സാങ്കേതിക പഠനത്തിനും പ്രത്യേക ഊന്നൽ നൽകുന്ന സംസ്ഥാന സർക്കാരിന്റെ പ്രവർത്തനങ്ങൾക്ക് അംഗീകാരമാണ് ഈ നേട്ടം. ഉന്നതവിദ്യാഭ്യാസത്തോടൊപ്പം തൊഴിൽ നൈപുണ്യമുള്ള പുതുതലമുറയെ വാർത്തെടുക്കുകയെന്നതാണ് സർക്കാരിന്റെ ലക്ഷ്യം. ഈ ദിശയിൽ തൊഴിൽ നൈപുണ്യമുള്ള വനിതകളെ സൃഷ്ടിക്കാനും അതിലൂടെ സ്ത്രീ ശാക്തീകരണം ഉറപ്പാക്കാനും പുതുതായി ആരംഭിക്കുന്ന വനിതാപോളിടെക്നിക്കിലൂടെ കഴിയുമെന്നും മന്ത്രി പറഞ്ഞു.

# ലോഞ്ച് പാഡ് സംരംഭകത്വ വർക്ഷോപ്പ്

ലോഞ്ച് സംരംഭം തുടങ്ങാൻ താത്പര്യപ്പെടുന്ന സംരംഭകർക്കായി വ്യവസായ വാണിജ്യ വകുപ്പിന്റെ സംരംഭകത്വ വികസന സ്ഥാപനമായ കേരള ഇൻസ്റ്റിറ്റ്യൂട്ട് ഫോർ എന്റർപ്രണർഷിപ്പ് ഡെവലപ്പ്മെന്റ് അഞ്ച് ദിവസത്തെ വർക്ഷോപ്പ് സംഘടിപ്പിക്കുന്നു.

സംരംഭകൻ/സംരംഭക ആവാൻ ആഗ്രഹിക്കുന്നവർക്ക് മെയ് 27 മുതൽ 31 വരെ കളമശേരി കെ.ഐ.ഇ.ഡി ക്യാമ്പസിൽ നടക്കുന്ന പരിശീലനത്തിൽ പങ്കെടുക്കാം.

പുതിയ സംരംഭകർ നിർബന്ധമായും അറിഞ്ഞിരിക്കേണ്ട ബിസിനസിന്റെ നിയമവശങ്ങൾ, ഐഡിയ ജനറേഷൻ, പ്രോജക്ട് റിപ്പോർട്ട് തയാറാക്കുന്ന വിധം, സെയിൽസ് ആൻഡ് മാർക്കറ്റിങ്, ബാങ്കിൽ നിന്ന് ലഭിക്കുന്ന സാമ്പത്തിക സഹായങ്ങൾ, ജി.എസ്.ടി, സംരംഭം തുടങ്ങാനാവശ്യമായ ലൈസൻസുകൾ, വിജയിച്ച സംരംഭകന്റെ അനുഭവം പങ്കിടൽ, തുടങ്ങിയ നിരവധി സെഷനുകളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. താത്പര്യമുള്ളവർ http://kied.infot/r-a-ining-cal-ender/ എന്ന വെബ്സൈറ്റ് സന്ദർശിച്ച് ഓൺലൈനായി മേയ് 24ന് മുമ്പ് അപേക്ഷ സമർപ്പിക്കണം.

തെരഞ്ഞെടുക്കപ്പെടുന്ന 35 പേർ മാത്രം ഫീസ് അടച്ചാൽ മതി. കൂടുതൽ വിവരങ്ങൾക്ക്: 0484 2532890/2550322/9188922785.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.

# കെട്ടിക്കിടക്കുന്നത് 20 ലക്ഷം ആർസി ബുക്ക് അപേക്ഷകൾ

കോഴിക്കോട്: അച്ചടിച്ചതിനുള്ള പ്രതിഫലം നൽകാത്തതിനാൽ പ്രസുകൾ പ്രിൻറിംഗ് നിർത്തിയതിനെത്തുടർന്ന് സംസ്ഥാനത്തു കെട്ടിക്കിടക്കുന്നത് ഇരുപതുലക്ഷത്തോളം ആർസി ബുക്കിനുള്ള അപേക്ഷകൾ.

ദിവസം 40,000 ആർസി ബുക്കുകൾ അച്ചടിക്കുമെന്നു മന്ത്രി പ്രഖ്യാപിച്ചിട്ടുണ്ടെങ്കിലും നിരാശയാണു ഫലം. പ്രസുകൾക്കു കുടിശിക നൽകാത്തതിനാൽ കഴിഞ്ഞ ഡിസംബർ മുതൽ ആർസി ബുക്ക് അച്ചടി നിർത്തിവച്ചിരിക്കുകയാണ്. 13.50 കോടി രൂപയാണു പ്രസുകൾക്കു നൽകാനുള്ളത്. ആർസി ബുക്ക് അയച്ച ഇനത്തിൽ തപാൽ വകുപ്പിനു നൽകാനുള്ളത് അഞ്ചു കോടിയും. കഴിഞ്ഞ ആറുമാസമായി പണം നൽകുന്നില്ല.

സർക്കാരിൻറെ സാമ്പത്തിക പ്രതിസന്ധിയാണ് ഇതിനു കാരണമായി പറയുന്നത്. വാങ്ങുന്ന വാഹനത്തിനു യഥാസമയം ആർസി ബുക്ക് ലഭിക്കാത്തതിനാൽ ലക്ഷക്കണക്കിനു ആർസി ട്രാൻസ്ഫർ അപേക്ഷകളാണ് പ്രിൻറ് ചെയ്യാതെ കെട്ടിക്കിടക്കുന്നത്.ടാക്സി വാഹനങ്ങൾക്ക് അടക്കം ആർസി ബുക്ക് ലഭിക്കാത്തതിനാൽ സർവീസ് നിർത്തിവയ്ക്കാൻ നിർബന്ധിതമായിരിക്കുകയാണ്. ലക്ഷക്കണക്കിന് ആർസി ഉടമകൾ വഴിയാധാരമായി. ഒരു ടാക്സി വാഹനം അദർ സ്റ്റേറ്റ് പെർമിറ്റ് എടുത്ത് ട്രിപ്പ് നടത്തണമെങ്കിൽ ആർസി ബുക്ക് സബ്മിറ്റ് ചെയ്ത് വേണം താത്കാലിക പെർമിറ്റ് എടുക്കാൻ. അതിനു സാധിക്കാത്ത സാഹചര്യമാണു നിലനിൽക്കുന്നത്.

ഇൻഷ്വറൻസ്, ഫിറ്റ്നസ് എന്നിവയ്ക്ക് ഈ സാഹചര്യത്തിൽ ഭീമമായ തുക കണ്ടെത്താൻ കഴിയാതെ ഉടമകൾ പ്രതിസന്ധിയിലാണ്. ഇൻഷ്വറൻസ് നെയിം ട്രാൻസ്ഫർ ചെയ്താൽ മാത്രമേ വാഹന ഉടമകൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുകയുള്ളൂ. യഥാസമയം ആർസി ബുക്ക് ലഭിക്കാത്തതിനാൽ ഇൻഷ്വറൻസ് നെയിം ട്രാൻസ്ഫറും നടക്കുന്നില്ല.വാഹന കച്ചവടക്കാർ വാങ്ങി വില്പന നടത്തിയിട്ടുള്ള വാഹനങ്ങളുടെ ആർസികൾ ഉടമസ്ഥർക്ക് ലഭിക്കാത്തതുകാരണം വാഹന കച്ചവട സ്ഥാപനങ്ങളിൽ കയറി വാഹന ഉടമകൾ ബുദ്ധിമുട്ടുകയാണെന്ന് യൂസ്ഡ് വെഹിക്കിൾ ഡീലേഴ്സ് ആൻഡ് ബ്രോക്കേഴ്സ് അസോസിയേഷൻ സംസ്ഥാന വൈസ് പ്രസിഡൻറ് എയർലൈൻ അസീസ് പറഞ്ഞു. സംസ്ഥാന സർക്കാർ നിലപാടിൽ പ്രതിഷേധിച്ച് ജില്ലാ ആർടിഒ ഓഫീസുകൾക്കു മുന്നിൽ ഇന്ന് മാർച്ച് നടത്തുമെന്ന് അദ്ദേഹം അറിയിച്ചു.

## തോട് വൃത്തിയാക്കുന്നതിനിടെ ബൈക്ക് കണ്ടെത്തി

പൂന്തുറ: തോട് വൃത്തിയാക്കുന്നതിനിടയിൽ കാടുകൾക്കിടയിൽ ബൈക്ക് ഒളിപ്പിച്ചനിലയിൽ കണ്ടെത്തി. പൂന്തുറ പോലീസ് സ്റ്റേഷൻ പരിധിയിൽ ആര്യൻകുഴി ഭാഗത്തുള്ള തോട് തിങ്കളാഴ്ച രാവിലെ ആരോഗ്യ പ്രവർത്തകരുടെ നേതൃത്വത്തിൽ വൃത്തിയാക്കുന്നതിനിടയിലാണ് ബൈക്ക് കണ്ടെത്തിയത്.

തൊഴിലാളികൾ വിവരം പൂന്തുറ പോലീസിൽ അറിയിച്ചതിനെ തുടർന്ന് പോലീസെത്തി ബൈക്ക് കരയ്ക്കെടുത്ത് സ്റ്റേഷനിലേയ്ക്ക് മാറ്റുകയായിരുന്നു. വാഹനത്തിൻറെ നമ്പർ പരിശോധിച്ചതിൽ നിന്നും പൂന്തുറ സ്വദേശിനിയായ ഒരു സ്ത്രിയുടെ പേരിലുള്ള ബൈക്കാണ് തോട്ടിൽ കണ്ടത്തിയതെന്ന് പോലീസ് പറഞ്ഞു.

എന്നാലിത് മോഷണ ബൈക്കാകാൻ ഇടയില്ലെന്നും സിസി സംബന്ധമായി മുടക്കമുള്ളതിൽ സിസി പിടിത്തക്കാരിൽ നിന്നും ഒളിപ്പിച്ചതാകാമെന്നുമാണ് പോലീസിൻറെ നിഗമനം.എന്നാൽ ബൈക്ക് ഏത് സാഹചര്യത്തിലാണ് തോട്ടിൽ എത്തിയതെന്ന് പോലീസ് അന്വേഷണം ആരംഭിച്ചിട്ടുണ്ട്.

## കോസ്റ്റ് ഗാർഡ് പിടികൂടിയ ബോട്ടുകൾ വിട്ടു നൽകി

വിഴിഞ്ഞം: പോക്സോ കേസിലെ പ്രതിയെ കണ്ടെത്താൻ കോസ്റ്റ് ഗാർഡ് ഉൾക്കടലിൽ പിടികൂടിയ തമിഴ്നാട് ബോട്ടിനെ ഉടമസ്ഥർക്ക് വിട്ടു നൽകി.

മതിയായ സുരക്ഷാ സംവിധാനങ്ങൾ ഇല്ലാത്തതിന് ട്രോളർ ബോട്ടിന് 25000 രൂപയും പെർമിറ്റില്ലാതെ കേരള തീരത്ത് പ്രവേശിച്ചതിന് രണ്ട് അകമ്പടി വള്ളങ്ങൾക്ക് 15000 രൂപയും അധികൃതർ പിഴയീടാക്കി. പതിനാല് കാരിയെ ക്രൂരമായി പീഢിപ്പിച്ച് ചിത്രങ്ങൾ പകർത്തിയ കേസിൽ പ്രതിയായ വള്ളവിള സ്വദേശി വിൽസൺ(22) നുമായി ലക്ഷദ്വീപിൽ മീൻ പിടിക്കാൻ പോയ മദർ ഫാത്തിമ എന്ന ട്രോളറിനെയും രണ്ട് അകമ്പടി വള്ളങ്ങളെയുമാണ് ഇക്കഴിഞ്ഞ ശനിയാഴ്ച ഉൾക്കടലിൽ നിന്ന് വിഴിഞ്ഞം കോസ്റ്റ് ഗാർഡിൻറെ കപ്പൽ തടഞ്ഞ് നിർത്തി കസ്റ്റഡിയിൽ എടുത്തത്.

തീരദേശ പോലീസിന് കൈമാറി മറൈൻ എൻഫോഴ്സ്മെൻറിന് വിട്ടു നൽകിയ ബോട്ടിനാണ് പിഴയീടാക്കി വിട്ടു നൽകിയത്. ബോട്ടിൽ നിന്ന് മുങ്ങിയ പ്രതിയെ തമിഴ്നാട് ക്യൂ ബ്രാഞ്ച് സംഘം അഞ്ചുതെങ്ങിൽ നിന്ന് ശനിയാഴ്ച തന്നെ പിടികൂടിയിരുന്നു.

## കാർ തോട്ടിൽ പതിച്ചു; യാത്രക്കാർ അത്ഭുതകരമായി രക്ഷപ്പെട്ടു

കാട്ടാക്കട : ചാത്തിയോട് വളവിൽ കാർ തോട്ടിൽ പതിച്ചു. കാറിലുണ്ടായിരുന്നവർ അത്ഭുതകരമായി രക്ഷപ്പെട്ടു. കഴിഞ്ഞദിവസത്തെ മഴയിൽ നിയന്ത്രണം വിട്ട കാർ തോട്ടിൽ പതിക്കുകയായിരുന്നു. കാറിലുണ്ടായിരുന്നവർ അത്ഭുതകരമായി രക്ഷപ്പെടുകയും ചെയ്തു.

കട്ടക്കോട്ചാത്തിയോട് റോഡിൽ കടുവാകുഴി വളവ് അപകടക്കെണിയായി മാറുന്നതിൻറെ ഇപ്പോഴത്തെ ഉദാഹരണമാണിത്. കടമ്പുപാറയിലേക്കുള്ള യാത്രാമാർഗം ഇതുവഴിയാണ് പാറയിലേക്ക് പോയവരാണ് അപകടത്തിൽപെട്ടതെന്നാണ് നാട്ടുകാർ പറയുന്നത്. ഇരുചക്രവാഹനങ്ങൾ ഉൾപ്പെടെ നിരവധി വാഹനങ്ങള് കടന്നുപോകുന്ന റോഡിൽ തോട് ഉണ്ടെന്നറിയിക്കുന്ന ബോർഡുകളൊന്നുമില്ലാത്തതാണ് അപകടത്തിനിടയാക്കിയത്. റോഡിലെ കൊടുംവളവ് ആണെന്ന് ബോധ്യം വരുമ്പോഴേക്കും നിയന്ത്രണം തെറ്റി ഇരുചക്ര, മുച്ചക്ര വാഹനങ്ങൾ ഉൾപ്പെടെ തോട്ടിലേക്ക് വീഴും.രാത്രിയും പകലും ആളുകളുടെ നിലവിളി കേട്ടാണ് സമീപവാസികൾ ഓടിയെത്തുന്നത്. ഇവിടം അപരിചിതരായവരാണ് അപകടത്തിൽപ്പെടുന്നവരിലേറെയും.

## കടയ്ക്കുള്ളിൽ കയറി സ്ത്രീയെ കടന്ന് പിടിച്ചയാളെ പിടികൂടി

കാട്ടാക്കട : കടയ്ക്കുള്ളിൽ കയറി കടയുടമയായ സ്ത്രീയെ കടന്ന പിടിച്ച യുവാവിനെ നാട്ടുകാരും വ്യാപാരികളും ചേർന്ന് പിടികൂടി പോലീസിൽ ഏൽപ്പിച്ചു.ഇന്നലെ വൈകിട്ടാണ് സംഭവം നടന്നത്. മലയിൻകീഴ് ഇരട്ടകലുങ്ക് സ്വദേശി അഖിൽ ( 26 ) നെയാണ് പോലീസ് പിടികൂടിയത്. അഖിൽ കടയിൽ എത്തി ചില്ലറ ചോദിച്ചു. എന്നാൽ ചില്ലറ ഇല്ലെന്ന് പറഞ്ഞ ഉടനെ പ്രതി ഉടമയെ കടന്നു പിടിക്കുകയും ആക്രമിക്കാൻ ശ്രമിക്കുകയും ചെയ്തു.ഇവർ ബഹളം വയ്ച്ചതോടെ അഖിൽ കടയിൽ നിന്നും ഇറങ്ങുകയായിരുന്നു. തുടർന്ന് കടയുടമ സമീപത്തെ കടകളിലും നാട്ടുകാരോടും വിവരം പറഞ്ഞു.തുടർന്നാണ് അഖിലിനെ നാട്ടുകാർ ഓടിച്ച് പിടികൂടി കാട്ടാക്കട പോലീസിൽ ഏൽപ്പിച്ചത്. ഇയാളെ ചോദ്യം ചെയ്തു വരികയാണ്. കടയുടെ 500 മീറ്റർ മാറി ഇയാളുടെ ബൈക്കും കണ്ടെത്തി.

## മലിനജല തടാകമായി കല്ലുവാതുക്കൽ കാരൂർകുളങ്ങര റോ ഡ്

ചാത്തന്നൂർ: മലിനജല തടാകമായി കല്ലുവാതുക്കൽ കാരൂർകുളങ്ങര റോഡ്. കല്ലുവാതുക്കൽ ജംഗ്ഷൻ കാരൂർകുളങ്ങര റോഡിൻറെ ശോച്യാവസ്ഥയ്ക്ക് വർഷങ്ങളുടെ പഴക്കമുണ്ട്.

പല തരത്തിലുള്ള മാലിന്യങ്ങൾ അഴുകിച്ചേർന്ന വെള്ളക്കെട്ടുമായി ഈ റോഡിൻറെ അവസ്ഥ ജനജീവിതത്തെ ബാധിക്കാൻ തുടങ്ങിയിട്ട് കുറേയേറെ വർഷങ്ങളായി. കല്ലുവാതുക്കലിലും പരിസര പ്രദേശങ്ങളിലുമുള്ളവർക്ക് ഏറെ അത്യന്താപേക്ഷിതമായ ഒരു പാതയാണ് ഈ വിധത്തിൽ രോഗം പരത്തുന്ന മാർഗമായി മാറിയിരിക്കുന്നത്. പലതരത്തിലുള്ള മാലിന്യങ്ങൾ, മാർക്കറ്റ് വേസ്റ്റ്, പ്ലാസ്റ്റിക് ഖരമാലിന്യങ്ങൾ എല്ലാം തന്നെ റോഡിൽ നിക്ഷേപിക്കുന്നതിനോടൊപ്പം വരൾച്ചകാലത്ത് പോലും വറ്റാതെ കെട്ടിനിൽക്കുന്ന മലിന ജലത്തിൽ അഴുകിച്ചേർന്ന് റോഡിൽ നിറഞ്ഞു നിൽക്കുന്നു.

മഴക്കാലം തുടങ്ങുന്നതോട് കൂടി ഈ മലിന ജലം ഒഴുകി ഇരുവശങ്ങളിലുള്ള വീടുകൾക്കകത്തേക്ക് എത്തിചേരും. ഇതിലൂടെ നടന്നു പോകുന്നവർക്ക് എലിപ്പനി പോലുള്ള മാരകമായ രോഗങ്ങൾ പിടിപെടും എന്നുള്ള ഭീതിയിലാണ്. ഈ വഴി കല്ലുവാതുക്കലിനെ സംബന്ധിച്ചിടത്തോളം വളരെ പ്രധാനപ്പെട്ടതാണ്. കാരണം പോസ്റ്റോഫീസ്, ജൻ ഔഷധി, സ്കൂൾ, നടയ്ക്കൽ സർവീസ് സഹകരണബാങ്ക്, കച്ചവട സ്ഥാപനങ്ങൾ, വ്യവസായ സ്ഥാപനങ്ങളുടെ നിത്യോപയോഗ സാധന ഗോഡൗണുകൾ, കൂടാതെ കാരൂർകുളങ്ങര തലച്ചിറ, ഊഴായ്ക്കോട്, മുളക്കൽപൊയ്ക, വരിഞ്ഞം, ആലുവിള ഭാഗങ്ങളിലേക്ക് പോകുന്ന കാൽനടക്കാരുടെ പ്രധാന പാതകൂടിയാണ്.

ഈ ദുരിതപാതയുടെ മോചനത്തിന് വേണ്ടി പൊതുജനങ്ങളും വ്യാപാരികളും കല്ലുവാതുക്കൽ വികസന സമിതിയും നിരന്തര പോരാട്ടത്തിലാണെന്നു മാത്രമല്ല മുട്ടാത്ത വാതിലുകളുമില്ലെന്നതാണ് സത്യം.

ഈ ശോചനീയമായ അവസ്ഥ പരിഹരിക്കുന്നതിനായി കേരള സർക്കാരോ കേന്ദ്ര സർക്കാരോ, ജില്ലാ ബ്ലോക്ക് ഗ്രാമ പഞ്ചായത്തുകളോ ജനപ്രതിനിധികളോ ആവശ്യമായ നടപടി സ്വീകരിക്കുന്നില്ല. ഇനിയും ഈ മൗനം തുടർന്നാൽ ജനങ്ങളോടുള്ള വെല്ലുവിളിയാണെന്നും മഴക്കാലത്തിനു മുമ്പു തന്നെ അടിയന്തിര നടപടികൾ സ്വീകരിച്ച് ഈ ദുരിതാവസ്ഥക്ക് പരിഹാരം ഉണ്ടാകണമെന്നും കല്ലുവാതുക്കൽ വികസന സമിതി ചെയർമാൻ കല്ലുവാതുക്കൽ അജയകുമാർ ആവശ്യപ്പെട്ടു.

## ജില്ലയിൽ 32 ആശുപത്രികളിൽ ഇഹെൽത്ത് സംവിധാനം

കോട്ടയം: ജില്ലയിലെ 32 സർക്കാർ ആശുപത്രികളിൽ ഡിജിറ്റൽ സേവനങ്ങൾ നൽകുന്ന ഇഹെൽത്ത് സംവിധാനം നടപ്പിലായി. ഇതോടെ ആകെയുള്ള 80 ആരോഗ്യ സ്ഥാപനങ്ങളിൽ 40 ശതമാനവും ഡിജിറ്റൽ സേവനങ്ങൾ നൽകിത്തുടങ്ങി. ഈ ആശുപത്രികളിൽ ഒപി രജിസ്ട്രേഷൻ, പ്രീ ചെക്ക്, ഡോക്ടറുടെ കൺസൾട്ടേഷൻ, ലബോറട്ടറി പരിശോധന, ഫാർമസി തുടങ്ങിയ എല്ലാ ഘട്ടങ്ങളിലും ഡിജിറ്റൽ സേവനങ്ങൾ ലഭ്യമാകും.

തുടർന്നുള്ള ചികിത്സകൾക്കും ഇഹെൽത്ത് സംവിധാനമുള്ള മറ്റ് ആശുപത്രികളിലും തുടർ സേവനങ്ങൾ ഡിജിറ്റലായി നൽകും. രോഗിയുടെ സ്വകാര്യതയും വിവരങ്ങളുടെ രഹസ്യാത്മകതയും പൂർണമായി സംരക്ഷിച്ചാണ് ഡിജിറ്റൽ സേവങ്ങൾ നൽകുക. ഒരു വർഷത്തിനകം ജില്ലയിലെ എല്ലാ ആശുപത്രികളിലും ഇഹെൽത്ത് സംവിധാനം നടപ്പാക്കും.

ഡിജിറ്റൽ സേവനങ്ങൾ ലഭ്യമാകാൻ എല്ലാവരും യുണീക് ഐഡൻറിഫിക്കേഷൻ നമ്പർ എടുക്കേണ്ടത് അത്യാവശ്യമാണ്. ഈ നമ്പർ ഉള്ള കാർഡ് ഉപയോഗിച്ചാകും ആരോഗ്യ സേവങ്ങൾ നൽകുക.

കൂടാതെ ജീവിതശൈലീ രോഗനിർണയത്തിനുള്ള ശൈലി ആപ്ലിക്കേഷൻ, കാൻസർ നിർണയത്തിനുള്ള ക്യാൻ കോട്ടയം തുടങ്ങിയ സർക്കാർ പദ്ധതികളിൽ പരിശോധനകൾ സുഗമമായി നടത്തുന്നതിനും നമ്പർ ആവശ്യമാണ്.

h-ttp-s://e-h-e-a-l-th.k-er-a-l-a.gov.in/por-ta-l/u-h-i-d-r-e-g എന്ന ലിങ്കിൽ ക്ലിക്ക് ചെയ്ത് ആധാർ നമ്പർ നൽകിയാൽ യൂണിക് ഹെൽത്ത് ഐഡി നമ്പർ സൗജന്യമായി ലഭിക്കും.

ഇഹെൽത്ത് സംവിധാനം ലഭ്യമായ ആശുപത്രികളിൽനിന്ന് ബാർകോഡ് ഉൾപ്പെടെയുള്ള കാർഡ് പ്രിൻറ് ചെയ്ത് ലഭിക്കും.

# ജില്ലയിൽ പകർച്ചവ്യാധികൾക്കെതിരേ പ്രതിരോധ യജ്ഞം 27 മുതൽ

കോട്ടയം: എലിപ്പനി, മഞ്ഞപ്പിത്തം, ഡെങ്കിപ്പനി എന്നിവ തടയുന്നതിന് 27 മുതൽ ജൂൺ 21 വരെ ഊർജിത രോഗപ്രതിരോധ നടപടി പ്രഥമം പ്രതിരോധം എന്ന പേരിൽ നടപ്പാക്കും.മഴ കനത്തതോടെ ജില്ലയിൽ വിവിധ തരത്തിലുള്ള പകർച്ചവ്യാധികൾ ബാധിക്കുന്നവരുടെ എണ്ണം വർധിക്കാൻ സാധ്യതയുണ്ടെന്നാണ് ജില്ലാ രോഗ നിരീക്ഷണ സെൽ റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത്. എലിപ്പനി, ഡെങ്കിപ്പനി, മഞ്ഞപ്പിത്തം തുടങ്ങിയവ വർധിക്കാതിരിക്കാൻ ജനകീയ പങ്കാളിത്തത്തോടുകൂടിയാണ് പ്രഥമം പ്രതിരോധം നടപ്പാക്കുക.

പരിപാടിയുടെ ഭാഗമായി കൊതുക് ഉറവിട നിർമാർജനം, കുടിവെള്ള സ്രോതസുകളുടെ ക്ലോറിനേഷൻ, എലിപ്പനി പ്രതിരോധ മരുന്ന് വിതരണം, ബോധവത്കരണ ക്ലാസുകൾ എന്നിവ സംഘടിപ്പിക്കും.

മഞ്ഞപ്പിത്തം പ്രതിരോധിക്കുന്നതിന് 27, 28 തീയതികളിൽ പൊതു, സ്വകാര്യ കിണറുകൾ ഉൾപ്പെടെ എല്ലാ കുടിവെള്ള സ്രോതസുകളും പൊതുജന പങ്കാളിത്തത്തോടെ ക്ലോറിനേറ്റ് ചെയ്യും. സ്വകാര്യ കിണറുകൾ വീട്ടുകാരുടെകൂടി സഹകരണത്തോടെയായിരിക്കും ക്ലോറിനേറ്റ് ചെയ്യുക. വെള്ളം തിളപ്പിച്ചാറിച്ച് കുടിക്കുന്നതിൻറെ പ്രാധാന്യം സംബന്ധിച്ച് സ്കൂളുകളിൽ നഴ്സുമാരുടെ നേതൃത്വത്തിൽ ക്ലാസുകൾ സംഘടിപ്പിക്കും.

ജൂൺ ഒന്നുമുതൽ നാലു വരെ കർഷകത്തൊഴിലാളികൾ, ശുചീകരണ തൊഴിലാളികൾ തുടങ്ങി തൊഴിലിൻറെ ഭാഗമായി മലിന ജല സമ്പർക്കം പുലർത്തുന്നവരുടെ വീട്ടിലെത്തി ഒരു മാസം കഴിക്കേണ്ട എലിപ്പനി പ്രതിരോധ മരുന്നായ ഡോക്സി സൈക്ലിൻ വിതരണം ചെയ്യും. ആശാ പ്രവർത്തകരായിരിക്കും ഗുളിക വിതരണം നടത്തുക.

ഡെങ്കിപ്പനി പ്രതിരോധത്തിനായി സ്കൂൾ, വീട്, ജോലിസ്ഥലങ്ങൾ, കൈതച്ചക്ക, റബർ തോട്ടങ്ങൾ എന്നിവ കേന്ദ്രീകരിച്ച് കൊതുക് ഉറവിടനിർമാർജനം നടത്തും. 29, ജൂൺ അഞ്ച്,12,19 തീയതികളിൽ സ്കൂളുകൾ, 30, ജൂൺ ആറ്,13, 20 തീയതികളിൽ ജോലിസ്ഥലങ്ങൾ, തോട്ടങ്ങൾ, 31, ജൂൺ ഏഴ്,14, 21 തീയതികളിൽ വീടുകൾ എന്നിങ്ങനെയായിരിക്കും കൊതുകു നിർമാർജനം നടത്തുക.

കുഞ്ഞുങ്ങൾക്ക് വയറിളക്കമുണ്ടായാൽ ഒആർഎസ് ചികിത്സ ഉറപ്പുവരുത്തുന്നതിനായി അഞ്ചുവയസുവരെയുള്ള കുട്ടികളുള്ള എല്ലാ വീടുകളിലും ഒആർഎസ് പായ്ക്കറ്റുകൾ എത്തിച്ചു നൽകും. കൂടാതെ ആശാ പ്രവർത്തകർ, അങ്കണവാടി പ്രവർത്തകർ എന്നിവരെ ഒആർഎസ് ഡിപ്പോകളായി കരുതി കൈവശം ആവശ്യത്തിന് കരുതൽ ഒആർഎസ് പാക്കറ്റുകൾ സൂക്ഷിക്കും.

പ്രാദേശികതലത്തിൽ നടക്കുന്ന രോഗപ്രതിരോധ പ്രവർത്തനങ്ങൾ ക്രോഡീകരിക്കുന്നതിനായി ജില്ലാ ഭരണകൂടത്തിനായി നാഷണൽ ഇൻഫോർമാറ്റിക്സ് സെൻറർ തയാറാക്കിയ ഗീമ്യേമാ രവമഹഹലിഴല എന്ന മൊബൈൽ ആപ്ലിക്കേഷൻ ഉപയോഗിക്കും. വിവിധ ആരോഗ്യ സ്ഥാപനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, മറ്റ് സർക്കാർ സ്ഥാപനങ്ങൾ, കടകൾ, ഓഫീസുകൾ ഉൾപ്പെടെയുള്ള ഇതര സ്വകാര്യ സ്ഥാപനങ്ങൾ, സ്വകാര്യ വ്യക്തികൾ തുടങ്ങിയവർ മൊബൈൽ അപ്ലിക്കേഷൻ ഡൗൺലോഡ് ചെയ്ത് 27 മുതലുള്ള ഓരോ ആഴ്ചയും തങ്ങൾ ചെയ്യുന്ന പ്രതിരോധ പ്രവർത്തനങ്ങൾ ഫോട്ടോയെടുത്ത് അപ്ലോഡ് ചെയ്യണം.

ശുചീകരണ പ്രവർത്തനം ചെയ്യുന്നതിന് മുൻപും ശേഷവുമുള്ള ഫോട്ടോയാണ് അപ്ലോഡ് ചെയ്യേണ്ടത്. ഏറ്റവും നന്നായി പ്രവർത്തനങ്ങൾ നടത്തുന്ന തദ്ദേശ സ്ഥാപനങ്ങൾക്കും വിവിധ സ്ഥാപനങ്ങൾക്കും ജില്ലാ തലത്തിൽ അവാർഡ് നൽകും.

# ബസ് സ്റ്റാൻഡ് അതിക്രമം: കർശന നടപടി സ്വീകരിക്കും

തൊടുപുഴ: നഗരസഭ സ്വകാര്യ ബസ് സ്റ്റാൻഡിലെ അതിക്രമങ്ങളും സാമൂഹ്യവിരുദ്ധ ശല്യവും തടയുന്നതിനായി നഗരസഭാ ചെയർമാൻറെ അധ്യക്ഷതയിൽ യോഗം ചേർന്നു. ഏതാനും നാളുകളായി തൊടുപുഴ മുനിസിപ്പൽ ബസ് സ്റ്റാൻഡിൽ സമയത്തെ ച്ചൊല്ലിയും മറ്റും അതിക്രമങ്ങൾ തുടർക്കഥയായ സാഹചര്യത്തിലാണ് ചെയർമാൻ സനീഷ് ജോർജ് യോഗം വിളിച്ചുചേർത്തത്.

ബസ് സ്റ്റാൻഡിൻറെ എല്ലാ ഭാഗത്തും കാമറകൾ സ്ഥാപിക്കാൻ യോഗത്തിൽ തീരുമാനിച്ചു. മറ്റു ബസുകളുടെ സമയം അധികമായി എടുക്കുകയും മറ്റു ബസ് ജീവനക്കാർക്ക് ബുദ്ധിമുട്ട് സൃഷ്ടിക്കുകയും ചെയ്യുന്ന ബസിൻറെയും ജീവനക്കാരുടെയും വിവരങ്ങൾ ആർടിഒക്ക് കൈമാറും.

ഇക്കാര്യത്തിൽ പോലീസിൻറെ ഇടപെടലും ഉണ്ടാകും. സ്റ്റാൻഡിൽ അനധികൃതമായി പണം പലിശക്ക് നൽകുന്നവരെയും ലഹരി ഉൾപ്പെടെയുള്ളവ വില്പന നടത്തുന്നവരുടെയും വിവരങ്ങൾ ശേഖരിച്ച് പോലീസിനും എക്സൈസിനും കൈമാറും.

നഗരത്തിലെ ഗതാഗതക്കുരുക്ക് ബസുകളുടെ സമയക്രമത്തിൽ പ്രശ്നം സൃഷ്ടിക്കുന്നതായി ബസുടമകൾ യോഗത്തിൽ ഉന്നയിച്ചു. ഇക്കാര്യത്തിൽ തീരുമാനം എടുക്കുന്നതിനായി ജൂൺ നാലിനുശേഷം ട്രാഫിക് അഡ്വൈസറി കമ്മിറ്റി യോഗം വിളിച്ചുചേർക്കുമെന്നും ചെയർമാൻ അറിയിച്ചു.

സ്റ്റാൻഡിൽ പോലീസിൻറെയും എക്സൈസിൻറെയും സംയുക്ത പരിശോധനകളും നടക്കും.

യോഗത്തിൽ മുനിസിപ്പൽ വൈസ് ചെയർപേഴ്സൺ പ്രഫ. ജെസി ആൻറണി, ബസ് ഓപ്പറേറ്റേഴ്സ് അസോസിയേഷൻ പ്രസിഡൻറ് കെ.കെ. തോമസ്, യൂണിയൻ നേതാക്കളായ ടി.ആർ. സോമൻ, കെ.എം. സിജു, ജയൻ, കൗൺസലർമാരായ മുഹമ്മദ് അഫ്സൽ, ബിന്ദു പത്മകുമാർ, എംവിഐ പി.ജി. കിഷോർ, എസ്ഐ വി.എ. ബിജു തുടങ്ങിയവർ പങ്കെടുത്തു.

# വെള്ളറട ആശുപത്രിക്കെതിരേ വ്യാപക പ്രതിഷേധം

വെള്ളറട: വെള്ളറട സർക്കാർ ആശുപത്രിയിൽ രാത്രി ചികിത്സ നിർത്തുന്നു എന്ന ബോർഡ് പതിച്ചതിനെതിരേ വ്യാപക പ്രതിഷേധം.

ദിനംപ്രതി 500 ലധികം രോഗികളാണ് വെള്ളറട സർക്കാർ ആശുപത്രിയിൽ ചികിത്സ തേടിയെത്തുന്നത്. ആവശ്യത്തിന് ഡോക്ടരും, നേഴ്സുമാരും ആശുപത്രിയിൽ ഇല്ലെന്നത് നേരത്തേയും പരാതി ഉയർന്നിരുന്നു.

മരുന്നുകളുടെ ലഭ!്യത കുറവും പ്രതിഷേധത്തിടെയാക്കുന്നുണ്ട്. ഇവയെല്ലാം സഹിച്ചു രോഗികൾ എത്തുന്നത് മരുന്ന് പുറത്ത് നിന്നുമെങ്കിലും വാങ്ങാം എന്ന ആശ്വാസത്തിലാണെന്ന് നാട്ടുകാരും രോഗികളും പറയുന്നു.

എന്നാൽ ഇനി രാത്രിയിൽ ഡോക്ടറെ കാണാൻ കഴിയില്ലെന്നുള്ള അവസ്ഥയാണ് ഇപ്പോൾ. ഇതോടെയാണ് രോഗികളും നാട്ടുകാരും പ്രതിഷേധവുമായെത്തിയത്. 24 മണിക്കൂർ സേവനവും, പത്തിലധികം ഡോക്ടർമാരുടെയും എട്ടിലധികം നഴ്സുമാരുടെ ഒഴിവുമുള്ളപ്പോഴാണ് നാമമാത്രമായിട്ടുള്ള ഡോക്ടർമാരുടെയും നഴ്സുമാരുടേയും സേവനം കൊണ്ട് ആശുപത്രി മുന്നോട്ടുപോകുന്നത്.

ഇപ്പോൾ മൂന്നു ഡോക്ടർമാരും മൂന്ന് നേഴ്സുമാരുടെയും പ്രവർത്തനം മാത്രമാണ് നിലവിലുള്ളത്. ആശുപത്രിയിലാകട്ടെ പരിധിയിലധികം കെട്ടിടവും കിടക്കകളും ഒഴിഞ്ഞ് കടപ്പുണ്ട് . രോഗികളെ കിടത്തി ചികിത്സിക്കാൻ ബന്ധപ്പെട്ട അധികൃതർ അടിയന്തരമായി ഇടപെടണമെന്നാണ് നാട്ടുകാർ പറയുന്നത്.

രാത്രി ചികിത്സ ഇല്ലെന്ന ബോർഡ് എത്രയും വേഗം മാറ്റി 24 മണിക്കൂർ പ്രവർത്തിക്കുന്ന സ്ഥിതിയിലേക്ക് ആശുപത്രിയെ മാറ്റണമെന്നും അല്ലാത്തപക്ഷം ശക്തമായ പ്രതിഷേധത്തിന് നേതൃത്വം നൽകുമെന്ന് യൂത്ത് കോൺഗ്രസ് പറഞ്ഞു.

നിലവിലെ ആശുപത്രിയുമായി ബന്ധപ്പെട്ട വിഷയങ്ങൾ ചൂണ്ടികാട്ടി യൂത്ത് കോൺഗ്രസ് പ്രവർത്തകർ അധികൃതർക്കു പരാതി നൽകി. സർക്കാർതലത്തിൽ അടിയന്തരമായി ഇടപെടൽ ഉണ്ടായില്ലെങ്കിൽ ആശുപത്രിയുടെ നിലവിലുള്ള പ്രവർത്തനവും തടസപ്പെടാനാണ് സാധ്യതയെന്ന് രോഗികളും നാട്ടുകാരും പറയുന്നു .

മഴക്കാലം ശക്തി പ്രാപിച്ചതോടെ പലതരത്തിലുള്ള രോഗബാധകൾ ബാധിച്ച് ആശുപത്രിയിൽ എത്തുന്ന രോഗികൾക്ക് മതിയാവുന്ന ചികിത്സ ലഭിക്കാനുള്ള ക്രമീകരണം ഒരുക്കണമെന്ന് ആവശ്യം ശക്തമായിട്ടുണ്ട്.

## ഗർഭിണിക്ക് ചികിത്സ നിഷേധിച്ച സംഭവം; പോലീസ് കേസെടുത്തു

തിരുവനന്തപുരം: ഗർഭിണിക്ക് ചികിത്സ നിഷേധിച്ചതിനെ തുടർന്ന് കുഞ്ഞ് മരിച്ച സംഭവത്തിൽ പോലീസ് കേസെടുത്തു. കഴക്കൂട്ടം സ്വദേശി പവിത്രയുടെ കുടുംബം നൽകിയ പരാതിയിൽ മെഡിക്കൽ കോളജ് പോലീസാണ് കേസെടുത്തത്.

തൈക്കാട് സർക്കാർ ആശുപത്രിക്കെതിരെയാണ് പരാതി. കഴിഞ്ഞ വ്യാഴാഴ്ച അർധരാത്രിയാണ് സംഭവം. എട്ട് മാസം ഗർഭിണിയായ യുവതി കുഞ്ഞിന് അനക്കമില്ലെന്ന് പറഞ്ഞ് ആശുപത്രിയിലെത്തിയപ്പോൾ വേണ്ട പരിശോധന നടത്തിയില്ലെന്നാണ് ആരോപണം.

കുഞ്ഞ് ഉറങ്ങുകയാണെന്ന് പറഞ്ഞ് ഡ്യൂട്ടി ഡോക്ടർ ഇവരെ തിരിച്ചയയ്ക്കുകയായിരുന്നു. പിറ്റേന്ന് സ്വകാര്യ ലാബിൽവച്ച് നടത്തിയ പരിശോധനയിൽ കുഞ്ഞ് മരിച്ചെന്ന് കണ്ടെത്തുകയായിരുന്നു.

പിന്നീട് ശസ്ത്രക്രിയയിലൂടെ കുഞ്ഞിൻറെ മൃതദേഹം പുറത്തെടുക്കുകയായിരുന്നു. സംഭവത്തിന് പിന്നാലെ പോലീസിനും ആരോഗ്യമന്ത്രിക്കും കുടുംബം പരാതി നൽകുകയായിരുന്നു.

## ടച്ചിംഗ് വെട്ട്: ഒരു തടസം നീക്കി, മറ്റൊന്ന് സൃഷ്ടിച്ച് കെഎസ്ഇബി

കുമരകം: മഴക്കാല പൂർവ ശുചീകരണത്തിൻറെ പേരിൽ പഞ്ചായത്ത് ശുചീകരണ പ്രവർത്തനങ്ങൾ നടത്തുമ്പോൾ ടച്ചിംഗ് വെട്ടിൻറെ പേരിൽ വൈദുതി വകുപ്പ് ജീവനക്കാർ മരങ്ങൾ മുറിച്ച് തോട്ടിൽ തള്ളുന്നു.

ഇന്നലെ ടച്ചിംഗ് വെട്ടുന്നതിനായി രാവിലെ ഒമ്പതു മുതൽ വൈദ്യുതി മുടക്കിയാണ് മരച്ചില്ലകൾ തോട്ടിൽ തള്ളി ഒരു വള്ളം പലോലും കടത്തിക്കൊണ്ടുപോകാൻ കഴിയാത്ത അവസ്ഥ സൃഷ്ട്ടിച്ചത്.

കുമരകം ആറ്റാമംഗലം കണ്ണാടിച്ചാൽ തോട്ടിൽ ചാവേച്ചേരി ഭാഗത്താണ് തണൽ മരങ്ങളുടെ കമ്പുകൾ തോട്ടി കൊണ്ട് വലിച്ചൊടിച്ച് തോട്ടിൽ ഇട്ടിരിക്കുന്നത്. ഇതോടെ പ്ലാസ്റ്റിക് കുപ്പികളും പോളകളും എല്ലാം ഒഴുകി പോകാനാകാതെ മരക്കമ്പുകളിൽ തടഞ്ഞു കിടക്കുകയാണ്. മഴക്കാലത്തിന് മുമ്പുതന്നെ ടച്ചിംഗ് വെട്ടേണ്ടത് അനിവാര്യമാണ്. എന്നാൽ, വെട്ടി മാറ്റുന്ന മരച്ചില്ലകൾ ആർക്കും ശല്യമാകാതെ മാറ്റാനുള്ള ഉത്തരവാദിത്വവും ജീവനക്കാർക്കുണ്ട്. ഒരു തടസം നീക്കി മറ്റൊരു തടസം സൃഷ്ടിക്കുന്നത് ശരിയായ മാതൃകയല്ല.